

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.**-691001**

ഇ-മെയിൽ**: doklm.ksad@kerala.gov.in**
ഫോൺ **: 0474-2740141**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.എൽ.എം.പി1/2391/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 26/12/2025
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം **:** ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ **2024-2025** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്**.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എൽ.എം.പി1/2391/25 തീയ്യതി: 26/12/2025

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ **2024-2025** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ മണിലാൽ. വി	ഡെപ്യൂട്ടി ഡയറക്ടർ	17-11-2025	01-12-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
17-11-2025	01-12-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.ശശിജോഷ്.എ, ഓഡിറ്റ് ഓഫീസർ
2. ശ്രീമതി. ശ്രീജ.സി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (28.11.2025, 29.11.2025)

3. ശ്രീ.ചന്ദ്രപ്രകാശ്.സി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4. ശ്രീമതി.രാജശ്രീ.സി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ആര്യാ ലാൽ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി സബിദ.യു	സെക്രട്ടറി	01-04-2024	31-05-2024
ശ്രീ. ബിനുമോൻ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-07-2024	08-09-2024
ശ്രീ.പ്രശാന്ത്.ബി	സെക്രട്ടറി	09-09-2024	01-10-2024
ശ്രീമതി.ഷീജാമോൾ.എൻ.ആർ	സെക്രട്ടറി	02-10-2024	08-01-2025
ശ്രീ.സീജ.എസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	09-01-2025	16-01-2025
ശ്രീ.സിന്ധു.ആർ	സെക്രട്ടറി	17-01-2025	02-02-2025
ശ്രീമതി.ഷീജാമോൾ.എൻ.ആർ	സെക്രട്ടറി-ഇൻ-ചാർജ്ജ്	03-02-2025	02-03-2025
ശ്രീമതി.സിന്ധു.ആർ	സെക്രട്ടറി	03-03-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ബിനുമോൻ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	25-02-2025
ശ്രീ.സീജ.എസ്	അസിസ്റ്റന്റ് സെക്രട്ടറി	26-02-2025	31-03-2025
ഡോ.ഷമീർ സലാം	മെഡിക്കൽ ഓഫീസർ (അലോപ്പതി)	01-04-2024	31-03-2025
ഡോ. മനീഷ് കുമാർ.ഇ	മെഡിക്കൽ ഓഫീസർ (ആയൂർവേദം)	01-04-2024	31-03-2025
ഡോ. സുനിതകുമാരി	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2024	31-03-2025
ഡോ. നായർ ഇന്ദിര ജനാർദ്ദനൻ	സീനിയർ വെറ്റേറിനറി സർജൻ	01-04-2024	22-07-2024
ഡോ. സുരേഷ് കുമാർ	സീനിയർ വെറ്റേറിനറി സർജൻ	23-07-2024	31-03-2025
ശ്രീ സൽമാൻ ജെ എസ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീമതി.കൃഷ്ണ	കൃഷി ഓഫീസർ	01-04-2024	12-12-2024
ശ്രീ.അപ്പു.എം.ജി	കൃഷി ഓഫീസർ	13-12-2024	31-03-2025

ശ്രീ.ശ്രീകുമാർ	ഹെഡ് മാസ്റ്റർ	01-04-2024	31-03-2025
ശ്രീമതി.കാർത്തിക.എം	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീമതി. ബിന്ദു.ആർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	09-09-2024
ശ്രീ.ജോജോ സേവ്യർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	09-09-2024	31-03-2025
ശ്രീ.ശംഭു.എസ്.ആർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി. സുധർമ്മിണി.എസ്	ഐ.സി.ഡി,എസ് സൂപ്പർവൈസർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല	1-1-1
3	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.	1-1-2
4	വിവിധ ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.	1-1-3
5	B-4 ഷെഡ്യൂളിൽ വിവിധ ബാദ്ധ്യത ശീർഷകങ്ങളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന തുക ഏതെല്ലാം പദ്ധതികൾക്കുള്ളതാണെന്ന് വ്യക്തമല്ല	1-1-4
6	CFC-ഫണ്ട് ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് ബി4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പുമായി പൊരുത്തപെടുന്നില്ല	1-1-5
7	രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ലാത്തതിനാൽ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല	1-1-6
8	ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്ത തുക 460500204 ഹെഡിൽ ഡെപ്പോസിറ്റായി കാണിച്ചിട്ടില്ല	1-1-7
9	വായ്പ/വായ്പ തിരിച്ചടവ്-വിനിയോഗ വിവരങ്ങൾ കൃത്യമല്ല	1-1-8
10	CFC-ഫണ്ട് AFS/Sulekha പ്രകാരം ഉള്ള ചെലവും എ.സി.ആർ പ്രകാരമുള്ള ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു.	1-1-9
11	ലഡ്ജർ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.	1-1-10
12	ബജറ്റ്	1-2
13	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റ് പ്രകാരം)	1-3
14	ഫണ്ട് വിനിയോഗം	1-4
15	പദ്ധതി അവലോകനം	1-5
16	തൊഴിലുറപ്പ് പദ്ധതി	1-6
17	ക്ഷേമ പദ്ധതികൾ	1-7
18	ക്യാഷ് പരിശോധന	1-8
19	ആഭ്യന്തര നിയന്ത്രണം	1-9
20	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
21	അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് വസ്തുനികുതി ഈടാക്കിയില്ല	1-11
22	വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു	1-12
23	കുറവായി ഈടാക്കിയ പെർമിറ്റ് ആപ്ലിക്കേഷൻ ഫീസ് ഓഡിറ്റ്	1-13

	നിർദ്ദേശത്തെതുടർന്ന് ഒടുക്കി	
24	മിനറൽ ട്രാൻസിറ്റ് പാസ് -ചട്ട പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചില്ല.	1-14
25	കോക്ലിയാർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് ധനസഹായം- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു	1-15
26	ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അനുവദനീയമായതിലും അധികമായി തുക അനവദിച്ചു.	1-16
27	കുഴൽ കിണറുകൾക്ക് പമ്പ് സെറ്റും ടാങ്കും സ്ഥാപിക്കൽ- എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ ചെയ്തില്ല-ധനവിനിയോഗ പ്രവൃത്തി പൂർത്തീകരണ വിവരങ്ങളില്ല.	1-17
28	കന്നുകാലികൾക്ക് ധാതുലവണമിശ്രിതം പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-18
29	മഴക്കാല പൂർവ്വശുചീകരണം - പിൻവലിക്കാത്ത തുകയ്ക്ക് ചെലവ് രേഖകൾ ഹാജരാക്കി	1-19
30	ഐ.സി.ഡി.പി. സബ്സെന്റർ വാടക-വാടക്കരാർ ലഭ്യമാക്കിയില്ല	1-20
31	അളവു പുസ്തകത്തിൽ അളവുകൾ അധികമായി രേഖപ്പെടുത്തി മൂല്യം നിർണയിച്ചു.- ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക ഒടുക്കി.	1-21
32	ഇൻഷുറൻസ് കവറേജ് ഇല്ലാതെ പ്രവൃത്തി നിവ്വഹണം - ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് പിഴ ഈടാക്കി.	1-22
33	പാക്ക്ഡ് ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില ഈടാക്കൽ- ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക ഒടുക്കി.	1-23
34	കർഷക ഗ്രൂപ്പുകൾക്ക് റിവേൾവിംഗ് ഫണ്ട് - മാർഗനിർദ്ദേശങ്ങൾ പാലിയ്ക്കുന്നതിൽ പിഴവുകൾ.	1-24
35	ജില്ലാതല യൂണിറ്റ് കോസ്റ്റ് ആധാരമാക്കി ജൈവ ജീവാണു കീടനാശിനികളുടെ വില നിർണയം-നടപടികളിൽ പിഴവുകൾ	1-25
36	നിക്ഷേപ പ്രവൃത്തികൾ- ധനവിനിയോഗ പ്രവൃത്തി പൂർത്തീകരണ വിവരങ്ങളില്ല.	1-26
37	വിവിധ ഭവന നിർമ്മാണ പ്രോജക്ടുകൾ- ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നു.	1-27
38	ഹരിതാഭമായ ആയൂർ ടൌൺ - ബിന്നുകൾ സ്ഥാപിച്ചതിന്റെ വിശദാംശങ്ങളില്ല.	1-28
39	പൊതുസ്ഥലങ്ങൾ ഭംഗിയുള്ളതാക്കൽ - തുടർ പരിപാലനമില്ലാതെ പ്രോജക്ട് പാഴ്ചെലവായി	1-29
40	ജീവിതശൈലീ രോഗങ്ങളുടെ പരിശോധനയും നിയന്ത്രണവും – മാർഗ്ഗരേഖയിൽപെടാത്ത പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കി.	1-30
41	തെരുവുവിളക്ക് പരിപാലനം – നിർവ്വഹണത്തിലെ അപാകതകൾ	1-31
42	ഘടകസ്ഥാപനങ്ങളിൽ ബോട്ടിൽ ബൂത്ത് – ആസൂത്രണത്തിലും	1-32

	നിർവ്വഹണത്തിലും അപാകതകൾ.	
43	മരുന്ന വാങ്ങൽ പ്രോജക്ടുകൾ- മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്ന.	1-33
44	ജൽജീവൻ മിഷൻ അവലോകനം	1-34
45	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-35
	ഭാഗം **2**	
	--- No Records Found ---	
	ഭാഗം **3**	
1	ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അനുവദനീയമായതിലും അധികമായി തുക അനവദിച്ചു.	3-1
	ഭാഗം **4**	
1	മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ / വായ്പാ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധ പത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29.07.2025 തീയതിയിലെ 2 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 31-07-2025 ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക

നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.
സ്ഥലം-കൊല്ലം
തീയതി: 26.12.2025

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

1-1-1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല.

1-1-2 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തു നികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല. വസ്തു നികുതി അക്രൂവൽ എൻട്രി യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

1-1-3 വിവിധ ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വിവിധ ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രയർ പിരിയഡ് ഐറ്റംസ് ആയി കാണിച്ചിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-4 B-4 ഷെഡ്യൂളിൽ വിവിധ ബാദ്ധ്യത ശീർഷകങ്ങളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന തുക ഏതെല്ലാം പദ്ധതികൾക്കുള്ളതാണെന്ന് വ്യക്തമല്ല

ക്രമ നം	അക്കൗണ്ട് ശീർഷകം	B-4 ഷെഡ്യൂളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന തുക (₹)	റിമാർക്സ്
1	320700104	500,000/-	ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരുപ്പ് തുകയില്ല.
2	320700105	1500000/-	ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരുപ്പ് തുകയില്ല
3	320700204	1852354/-	ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരുപ്പ് തുകയില്ല.
4	320100999	23181	OTHER LIABILITIES
5.	320200399	4149195/-	Grants Funds Contribution For Specific Purposes-Other Than Development Fund And State Sponsered Scheme Funds

1-1-5 CFC-ഫണ്ട് ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് ബി4 ഷെഡ്യൂൾ പ്രകാരം

നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

CFC-ഫണ്ട് ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 18286675/- രൂപയാണ്. ബി4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് 17894320/-രൂപയാണ്.

1-1-6 രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ലാത്തതിനാൽ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

(I) വസ്തുനികുതി വരവ്, കുടിശിക വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിലെ കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നതിന് നടത്തിയ ബുക്ക് അഡ്ജസ്റ്റ്മെന്റുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

(Ii) ആസ്തി രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തികളുടെ മൂല്യം, ഡിപ്രീസിയേഷൻ തുകകളുടെ കൃത്യത എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(Iii) സ്റ്റോക്ക് രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്റ്റോക്കിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
Iv) അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

1-1-7 ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്ത തുക 460500204 ഹെഡിൽ ഡെപ്പോസിറ്റായി കാണിച്ചിട്ടില്ല

പ്രൊജക്ട് 455/25 കപ്പച്ചിൻ ആശ്രമ ഭാഗത്ത് കുഴൽ കിണർ പമ്പ് സെറ്റും വാട്ടർ ടാങ്കും സ്ഥാപിക്കുന്നതിനായി 418384/- രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും 460500204 ഹെഡിൽ ഡെപ്പോസിറ്റായി കാണിച്ചിട്ടില്ല.

1-1-8 വായ്പ/വായ്പ തിരിച്ചടവ്-വിനിയോഗ വിവരങ്ങൾ കൃത്യമല്ല

വായ്പ/വായ്പ തിരിച്ചടവ് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം എ.എഫ്.എസ്. ബാലൻസ് ഷീറ്റ് സെക്യൂട്ട് ലോൺ നീക്കിയിരിപ്പും യഥാർത്ഥ നീക്കിയിരിപ്പുമായി വ്യത്യാസമുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ടി വ്യത്യാസം ക്രമപ്പെടുത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. ലോൺ രജിസ്റ്ററിൽ ലോൺ വിനിയോഗബാക്കി രേഖപ്പെടുത്തിയിട്ടില്ല. വായ്പ മുൻബാക്കിയുടെ കൃത്യത ഉറപ്പാക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

1-1-9 CFC-ഫണ്ട് AFS/Sulekha പ്രകാരം ഉള്ള ചെലവും എ.സി.ആർ പ്രകാരമുള്ള ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു.

CFC-ഫണ്ട് AFS/Sulekha പ്രകാരം ഉള്ള ചെലവ് 9586666/- രൂപയാണ്. എ.സി.ആർ പ്രകാരമുള്ള ചെലവ് 8261594/- രൂപയാണ്.

1-1-10 ലഡ്ജർ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

ലഡ്ജർ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

1-2 ബജറ്റ്

2024-2025 സാമ്പത്തിക വർഷത്തെ ബജറ്റ് - 15/02/2024 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 20/03/2025 തീയതിയിലെ 3(1) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം).

മുന്നിരിപ്പ്	7,56,60,966/- രൂപ
വരവ്	7,53,53,842/- രൂപ
ആകെ	15,10,14,808/- രൂപ
ചെലവ്	7,32,21,276/- രൂപ
നീക്കിയിരിപ്പ്	7,77,93,532/- രൂപ
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം	6,000 /- രൂപ
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	37,70,746/- രൂപ

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസന ഫണ്ട്- ജനറൽ	0	24327270	24327270	24253381	73889
വികസന ഫണ്ട്- എസ്.സി.പി	0	11760000	11760000	11760000	0
വികസന ഫണ്ട്- ടി.എസ്.പി	0	0	0	0	0
മെയിന്റനൻസ്, റോഡ്	0	38033000	38033000	18416058	19616942
മെയിന്റനൻസ്, നോൺ-റോഡ്	0	16448000	16448000/-	11842803	4605197/-
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) Tied Treasury	0	4016945/-	4016945/-	1602986	2413959
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) Basic Treasury		329256	329256	0	329256
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied -ബാങ്ക്)	6903473	9800000	16703473	3583948	13119525
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Untied-Basic PFMS	4465633	4708894	9174527	4399732	4774795
കേന്ദ്രാവിഷ്കൃത/ സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ					
ഹെൽത്ത് ഗ്രാന്റ് -ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ	187736	504980	692716	164292	528424
ഹെൽത്ത് ഗ്രാന്റ്-ബിൽഡിംഗ് ലെസ് സബ്സെന്റർ	2805500	72253	2877753	2770956	106797
ഹെൽത്ത് ഗ്രാന്റ്-ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ	137084	770099	907183	117665	789518
ഹോമിയോപതി ക്യാപിറ്റൽ	500000	0	500000	294476	205524

ലൈഫ് സംസ്ഥാന വിഹിതം	7079195	0	7079195	2930000	4149195
സാക്ഷരത	2211	0	2211	0	2211
എസ്.എസ്.എ	1184879	16138	1201017	0	1201017
ടോട്ടൽ സാനിറ്റേഷൻ ക്യാമ്പയിൻ	7924360	87440	8011800	186	8011614
Integrated Child Developement Scheme	664058	4032631	4696689	3891341	805348
Other Liabilities	23181	0	23181	0	23181

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് വിനിയോഗ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത് ലെഡ്ജറിനെ അടിസ്ഥാനമാക്കിയാണ്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (രൂപ)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (രൂപ)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
420	37,36,56,590/-	244	10,98,35,928/-	21	176	58.09%

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരുപ്പ് ₹
ഭരണ ചെലവുകൾ	9467/-	553097/-	562564/-	562564/-	0/-
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	79177398/-	79177398/-	79177398/-	0/-
ആകെ	9467/-	79730495/-	79739962/-	79739962/-	0/-

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹
കർഷക തൊഴിലാളി പെൻഷൻ	9562000/-
വിധവാ പെൻഷൻ	28927400/-
വാർദ്ധക്യകാല പെൻഷൻ	54265400/-
വികലാംഗ പെൻഷൻ	7669600/-
50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	516400/-
വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം	300000/-

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.11.2025, 12.30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18,721/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കിയുള്ള പദ്ധതികളും സേവന പ്രവർത്തനങ്ങളും ഉൾപ്പെടെ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ജനപങ്കാളിത്തത്തോടെ ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ഉതകുന്ന നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കേണ്ട ഉത്തരവാദിത്തം ഭരണനിർവഹണാധികാരികൾക്കുണ്ട്.

- പൊതുജീവിതത്തെ ദൈനംദിനം സ്വാധീനിക്കുന്ന ഭരണസംവിധാനമെന്ന നിലയിൽ പ്രവർത്തിക്കുന്നതിന് സഹായകമായ മികച്ച അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ ഫ്രണ്ട് ഓഫീസ് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.
- ഗ്രാമപഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തിക വർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബജറ്റ് പ്രകാരമുള്ള ചെലവുകളെ വാർഷിക പദ്ധതി പ്രകാരമുള്ള ചെലവുകളുമായി സംയോജിപ്പിച്ച് ധനകാര്യ റിപ്പോർട്ടിംഗിൽ സ്ഥാപനതല നിയന്ത്രണം സാധ്യമാക്കിയിട്ടില്ല.
- ധനാഗമ വിനിയോഗ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തി ധനപരമായ നിയന്ത്രണങ്ങൾ പാലിക്കുന്നതിലും പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങളും മേൽനോട്ടവും കാര്യനിർവഹണാധികാരികളുടെ നിയമാനുസൃത നടപടികളാൽ കാര്യക്ഷമമാക്കുന്നതിനുള്ള ഭരണപരമായ നിയന്ത്രണങ്ങൾ നടപ്പിലാക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

.**(1)** ധന ഇടപാടുകളും കണക്കുകളുടെ സൂക്ഷിപ്പ് സുതാര്യതയും അക്കൗണ്ടബിലിറ്റിയും ഉറപ്പാക്കുന്നതിൽ പിഴവുകൾ .

.സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

.B-4 ഷെഡ്യൂളിൽ വിവിധ ബാദ്ധ്യത ശീർഷകങ്ങളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന തുക ഏതെല്ലാം പദ്ധതികൾക്കുള്ളതാണെന്ന് വ്യക്തമല്ല.

.CFC-ഫണ്ട് ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് ബി4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

.ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്ത തുക 460500204 ഹെഡിൽ ഡെപ്പോസിറ്റായി കാണിച്ചിട്ടില്ല.

.വായ്പ/വായ്പ തിരിച്ചടവ്-വിനിയോഗ വിവരങ്ങൾ കൃത്യമല്ല.

.CFC-ഫണ്ട് AFS/Sulekha പ്രകാരം ഉള്ള ചെലവും എ.സി.ആർ പ്രകാരമുള്ള ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു.

.ലഡ്ജർ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

.**(2).** ധനവിനിയോഗത്തിനുള്ള അനിവാര്യ രേഖകളുടെ പരിപാലനത്തിലെ പിഴവുകൾ

.അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് വസ്തുനികുതി ഈടാക്കിയില്ല.

.മിനറൽ ട്രാൻസിറ്റ് പാസ് -ചട്ട പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചില്ല.

.മഴക്കാല പൂർവ്വശുചീകരണം - പിൻവലിക്കാത്ത തുകയ്ക്ക് ചെലവ് രേഖകൾ ഹാജരാക്കി.

.അളവു പുസ്തകത്തിൽ അളവുകൾ അധികമായി രേഖപ്പെടുത്തി മൂല്യം നിർണയിച്ചു.

.വാങ്ങൽ നടപടികളിൽ പ്രൊക്യൂർമെന്റ് മാനവൽ പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

.**(3).** പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങളിൽ പിഴവുകൾ

.ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ ഉൾപ്പെടെ സാമൂഹിക പുരോഗതിക്കും സാമ്പത്തിക വികസനത്തിനും നിദാനമാകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുവെങ്കിലും ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിൽ മതിയായ നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കുവാൻ കഴിഞ്ഞിട്ടില്ല.

.പാർശ്വവൽകൃത ജനവിഭാഗങ്ങളുടെ അഭ്യുന്നതി ലക്ഷ്യമാക്കി ആവിഷ്കരിച്ച ഭവന നിർമ്മാണ പദ്ധതികളുടെ നിർവഹണം ലക്ഷ്യാനുസൃതമാക്കുന്നതിൽ കൂടുതൽ കാര്യക്ഷമത പുലർത്തേണ്ടതുണ്ട്.

.തെരുവുവിളക്കുകളുടെ പരിപാലന പ്രവൃത്തികൾ കാര്യക്ഷമമാക്കേണ്ടതാണ്.

.മാലിന്യ നിർമ്മാർജ്ജനത്തിനായി ആവിഷ്കരിച്ച പ്രവൃത്തികളുടെയും കുടിവെള്ള പ്രോജക്ടുകളുടെയും പൂർത്തീകരണവും ഫലപ്രാപ്തിയും മോണിട്ടറിംഗ് കമ്മിറ്റിക്ക് വിധേയമാക്കുന്നതിനുള്ള നടപടികൾ പൂർണമല്ല. ധനാഗമ വിനിയോഗ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുന്നതിലും മേൽനോട്ടത്തിലുമുള്ള വീഴ്ചകളും പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ കാര്യനിർവ്വഹണ അധികാരികളുടെ നിയമാനുസൃത നടപടികളാൽ കാര്യക്ഷമമാക്കുന്നതിലുള്ള ജാഗ്രതക്കുറവും സമുചിതമായ നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി പരിഹരിക്കുവാനും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനും അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ്	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട്

	നടത്തിയ തീയതി		ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	26-09-2013-മുതൽ 11-10-2013 വരെ	2008-09 മുതൽ 2012-13 വരെ	19-11-2013

1-11 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് വസ്തുനികുതി ഈടാക്കിയില്ല

2023-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് തീയതി 27.03.2023 (വിജ്ഞാപനം നം 15(2) ലെഗ്. എ2/2023/ നിയമം തീയതി 28.03.2023) പ്രകാരം 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിയുടെ ഭാഗമായി ഹയർ സെക്കന്ററി തലം വരെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തു നികുതിയിൽ ഉണ്ടായിരുന്ന ഇളവ് സർക്കാർ, എയിഡഡ് സ്കൂളുകൾക്ക് മാത്രമാക്കിയിട്ടുണ്ട്. കൂടാതെ വകുപ്പ് 207 (ബിഎ) എന്ന ഭാഗം ഒഴിവാക്കിയിട്ടുണ്ട്. ഇത് പ്രകാരം സംസ്ഥാനത്തെ അൺ എയിഡഡ് സ്കൂളുകൾക്ക് 2023 ഏപ്രിൽ 1 മുതൽ വസ്തു നികുതി ബാധകമാക്കിയിട്ടുണ്ട്. തൊഴിൽ നികുതിയുടെ രജിസ്റ്ററിൽ ഉൾപ്പെട്ട ചുവടെ പറയുന്ന സ്കൂളുകളുടെ വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നില്ല.

ക്രമ നം.	പേര്
1	ചെറുപുഷ്പം സെൻട്രൽ സ്കൂൾ, ആയൂർ
2	സെന്റ് ആന്റ്സ് സെൻട്രൽ സ്കൂൾ, ആയൂർ
3	ലിറ്റിൽ ഫ്ലവർ ഇംഗ്ലീഷ് മീഡിയം സ്കൂൾ

മേൽ സ്കൂളുകളുടെ വസ്തു നികുതി നിർണ്ണയിച്ചതിന്റേയും നികുതി ഒടുക്കുവരുത്തിയതിന്റെയും രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ക്രമ പ്രകാരം ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻകുയറി നം. 08/26.11.25

1-12 വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന കടമുറികളുടെ തൻവർഷത്തെ വാടക ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കടമുറി നം.	ഉടമസ്ഥന്റെ പേര്/വിലാസം	മാസ വാടക (രൂപ)	കുടിശ്ശിക (രൂപ)
1	ആയൂർ ഷോപ്പിംഗ് കോംപ്ലക്സ് റൂം നം. 4	ശ്രീ. മുഹമ്മദ് നിസാം, റഹ്മത്ത് മൻസിൽ, ആയൂർ	3474+ 18 % GST	38214 + 18% GST
2	ആയൂർ മാർക്കറ്റ് തറവാടക	ശ്രീമതി ജൈനമ്മ, പാറവിള പുത്തൻവീട്, ആയൂർ	893 + 18 % GST	4465 +18% GST
3	ആയൂർ മാർക്കറ്റ് തറവാടക	ശ്രീ. ഷാജഹാൻ, തേക്കുംമൂട്ടിൽ ഹൌസ്, ചടയമംഗലം	2625+ 18 % GST	21000+ 18 % GST
ആകെ				63679 + 18% GST

വാടക കൂടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക്, തുക ഒടുക്കു വരുത്തുവാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭിച്ചു. വാടക കൂടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻകുയറി നം. 06/21.11.25

1-13 കുറവായി ഈടാക്കിയ പെർമിറ്റ് ആപ്ലിക്കേഷൻ ഫീസ് ഓഡിറ്റ് നിർദ്ദേശത്തെതുടർന്ന് ഒടുക്കി

സ.ഉ.(കൈ.)97/2024/ ത.സ്വ.ഭ.വ. തീയതി 30-07-2024 പ്രകാരം 2019 ലെ കേരളാ പഞ്ചായത്ത്/ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ ഈടാക്കുന്ന അപേക്ഷാ ഫീസ്, പെർമിറ്റ് ഫീസ്, ലേ ഔട്ട് അപ്രൂവലിനുള്ള സ്കൂട്ടണി ഫീസ് എന്നിവയുടെ നിരക്ക് 10/04/2023 തീയതി പ്രാബല്യത്തിൽ പരിഷ്കരിച്ചിരുന്നു. എന്നാൽ ചുവടെ പറയുന്ന കെട്ടിടത്തിന്റെ ആപ്ലിക്കേഷൻ ഫീസ് പരിഷ്കരിച്ച നിരക്കായ 2000/- രൂപയ്ക്ക് പകരം 1000/- രൂപയാണ് ഒടുക്കു വരുത്തിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഉടമ/കെട്ടിട നിർമ്മാണ പെർമിറ്റ് വിശദാംശം	ഉപയോഗക്രമം	വിസ്തീർണ്ണം	നിരക്ക്	ഈടാക്കിയ പെർമിറ്റ് ഫീസ്
ശ്രീമതി സജീന E4-BA/13657/2025,13.01.25	വാണിജ്യം	$126m^2$	120	5040
	പാർപ്പിടം	$272m^2$	100	13600
	ആകെ	$398m^2$		18640

$300m^2$ നു മുകളിലുള്ള കെട്ടിടങ്ങളുടെ അപേക്ഷാ ഫീസ് 2000/- രൂപയാണ്. തുക കുറവായി ഒടുക്കുവരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻകുയറി നൽകിയതിനെ തുടർന്ന് കുറവുള്ള 1000/- രൂപ രസീത് നം. R-GO20505-25005405 തീയതി 27.11.2025 പ്രകാരം ഒടുക്കു വരുത്തി. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് എൻകുയറി നം. 09/26.11.25

1-14 മിനറൽ ട്രാൻസിറ്റ് പാസ് -ചട്ട പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചില്ല.

കേരള മൈനർ മിനറൽ കൺസഷൻ ഭേദഗതി ചട്ടങ്ങൾ 2023 (31/03/2023 ലെ സ.ഉ (അച്ചടി) നം.38/2023/ഐഡി(എ) പ്രകാരമുള്ള ഭേദഗതി) ചട്ടം 14 (4) പ്രകാരം 278.7 M^2 (3000 ച. അടി) താഴെ കെട്ടിട വിസ്തീർണ്ണമുള്ള കെട്ടിട നിർമ്മാണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും പെർമിറ്റ് ലഭിച്ച വ്യക്തിക്ക് നിർമ്മാണത്തിന്റെ ഭാഗമായി സൈറ്റിൽ നിന്നും മണ്ണ് നീക്കം ചെയ്യേണ്ട സാഹചര്യത്തിൽ നീക്കം ചെയ്യുവാൻ അനുമതി നൽകിയ മണ്ണിന്റെ അളവ് പ്രകാരമുള്ള റോയൽറ്റി പെർമിറ്റ് ഉടമ ട്രഷറിയിൽ ഒടുക്ക് വരുത്തി ചെലാൻ ഹാജരാക്കുന്ന മുറയ്ക്ക് Form S ലെ മൂവ്മെന്റ് പെർമിറ്റും, Form O(A) ലെ മിനറൽ ട്രാൻസിറ്റ് പാസ്സും അനുവദിക്കുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഇപ്രകാരം മിനറൽ ട്രാൻസിറ്റ് പാസ്സ് ലഭിച്ച ഉടമ മിനറൽ ട്രാൻസിറ്റ് പെർമിറ്റ് ലഭിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ബേസ്മെന്റ് നിർമ്മിച്ചില്ലെങ്കിൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 14(7) പ്രകാരം റോയൽറ്റി ഫീസിന്റെ അഞ്ചിരട്ടി പിഴയായി ഒടുക്കണം. കൂടാതെ അനുവദിച്ചതിനേക്കാൾ കൂടുതൽ മണ്ണ് എടുത്താൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 14(8) പ്രകാരം അധികമായി എടുക്കുന്ന മണ്ണിന് റോയൽറ്റി ഫീസിന്റെ അഞ്ചിരട്ടി പിഴയായി പെർമിറ്റ് ഉടമ ഒടുക്കണം. ചട്ടം 14(7),

ചട്ടം 14(8) എന്നിവ പ്രകാരമുള്ള പിഴ മൂവ്മെന്റ് പെർമിറ്റ് അനുവദിക്കാൻ ക്ഷമതയുള്ള അധികാരി പുറപ്പെടുവിക്കുന്ന ഡിമാന്റിന് അനുസൃതമായാണ് ഒടുക്കേണ്ടത് എന്ന് Form(T) യിൽ 5, 6 -ാം നമ്പറായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 2(iii), 14(2) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ക്ഷമതയുള്ള അധികാരിയായി നൽകിയ മൂവ്മെന്റ് പെർമിറ്റ് ലംഘിക്കുന്ന സന്ദർഭങ്ങളിൽ ചട്ടം14(7),ചട്ടം 14(8) പ്രകാരമുള്ള പിഴ ഒടുക്കിയ വിവരം, 14(10) പ്രകാരമുള്ള രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതും, പിഴ ഈടാക്കാത്ത പക്ഷം പെർമിറ്റ് ഹോൾഡർക്കെതിരെ ചട്ടം 14 (9) ചട്ടം 112 എന്നിവ പ്രകാരം റവന്യൂ റിക്കവറി നടപടി സ്വീകരിച്ചതിന്റെ വിവരം Form(U) ൽ സെക്രട്ടറി ജില്ല ജിയോളജിസ്റ്റിനെ അറിയിക്കേണ്ടതുമാണ്. മിനറൽ ട്രാൻസിറ്റ് പെർമിറ്റ് ലഭിച്ച ചുവടെ പറയുന്നവർ ബേസ്മെന്റ് നിർമ്മാണം ആരംഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഉടമ / കെട്ടിടനിർമ്മാണ പെർമിറ്റ് വിശദാംശം	മണ്ണിന്റെ അളവ്	Form S ലെ മൂവ്മെന്റ് പെർമിറ്റ് വിശദാംശം	റോയൽറ്റി തുക	റിമാർക്സ്
1	ശ്രീ. ഗോപാലകൃഷ്ണ പിള്ള, പാറവിള പുത്തൻ വീട്, ഇടമുളയ്ക്കൽ E4BA(222142)/24,03.07.24	378.46ടൺ	400300/BPT001/ GPO/2024/4509,06.08.24 08.08.24 To 13.08.24	15138/-	മണ്ണ് നീക്കം ചെയ്ത് ബേസ്മെന്റ് നിർമ്മാണം ആരംഭിച്ചതിന്റെ വിവരം ലഭ്യമല്ല
2	ശ്രീ. ജേക്കബ് ജോർജ്ജ്, മാമൂട്ടിൽ വീട്, പുല്ലംകോട് E4-BA(134940)/2024, 22.04.24	607.32ടൺ	400300/BPT001/ GPO/2024/3117 ,26.09.24,28.09.24 To 05.10.24	24293/-	മണ്ണ് നീക്കം ചെയ്ത് ബേസ്മെന്റ് നിർമ്മാണം ആരംഭിച്ചതിന്റെ വിവരം ലഭ്യമല്ല
3	ശ്രീ. ബിജു, തുവനാട്ട് ജോഷി ഭവൻ, പുല്ലംകോട് E4-BA(251734)/2024, 29.07.24	1786.84 ടൺ	400300/BPT001/ GPO/2024/5031, 23.09.24 To 27.09.24	71474/-	മണ്ണ് നീക്കം ചെയ്ത് ബേസ്മെന്റ് നിർമ്മാണം ആരംഭിച്ചതിന്റെ വിവരം ലഭ്യമല്ല
4	ശ്രീ. സ്റ്റാൻലി ഫിലിപ്പോസ്, സ്റ്റാൻലി ഭവൻ, ഇടയം E4-BA(193680)/2024, 02.06.24	1696.58 ടൺ	400300/BPT001/ GPO/2024/3710, 29.07.24 To 08.08.24	66263/-	മണ്ണ് നീക്കം ചെയ്ത് ബേസ്മെന്റ് നിർമ്മാണം ആരംഭിച്ചതിന്റെ വിവരം ലഭ്യമല്ല
5	ശ്രീമതി ദേവി വി.പി., പുതുവൽ പുത്തൻവീട്, തഴമേൽ E4-BA(113595)/2024, 30.03.24	738.9 ടൺ	00300/BPT001/ GPO/2024/2651/ 21.06.24,25.06.24 To 29.06.24	29564/-	മണ്ണ് നീക്കം ചെയ്ത് ബേസ്മെന്റ് നിർമ്മാണം ആരംഭിച്ചതിന്റെ വിവരം ലഭ്യമല്ല

മേൽ അപേക്ഷകരുടെ കെട്ടിട നിർമ്മാണം ആരംഭിച്ചതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ എൻകവയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻകവയറി നം. 19/28.11.2025

1-15 കോക്ലിയാർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് ധനസഹായം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം., പേര്	Soo73/25, കോക്ലിയാർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് ധനസഹായം
അടങ്കൽ	150000, വികസന ഫണ്ട് ജനറൽ
ചെലവ്	150000, ബിൽ നം. 34/19.02.25

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം 1,50,000/- രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷനു വേണ്ടി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ നം.ഡി.എ.1/284/2023 ത.സ്വ.ഭ.വ. തീയതി 09.11.23-ലെ ഉത്തരവ് പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ഒരു കുട്ടിയ്ക്ക് 50,000/- രൂപ നിരക്കിൽ തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കുട്ടികളുടെ ലിസ്റ്റ് സഹിതം കൈമാറേണ്ടതും വർഷാവസാനം തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ധനസഹായത്തിന് അർഹരായ കുട്ടികളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	കുട്ടിയുടെ പേര്, മേൽവിലാസം
1.	മുസബ്ബിഹ എസ്.ആർ, പള്ളിപ്പടിഞ്ഞാറ്റതിൽ, തടിക്കാട്
2.	ദുർഗ്ഗാനാഥ്, രമ്യാ ഭവനം, ഇടയം
3.	സിയാന, പാറവിളപുത്തൻവീട്, തടിക്കാട്

വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക്, കുട്ടികൾക്കുള്ള ഉപകരണത്തിന്റെ മെയിന്റനൻസ് പൂർണ്ണമായി ചെയ്തതിനുശേഷം ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാമെന്ന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി അറിയിച്ചുണ്ടെന്ന് മറുപടി ലഭ്യമാക്കി. വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ ചെലവു തുക 1,50,000/- രൂപ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻകുയറി നമ്പർ 04/21.11.25
തടസ്സപ്പെടുത്തുന്ന തുക 1,50,000/- രൂപ

1-16 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അനുവദനീയമായതിലും - അധികമായി തുക അനുവദിച്ചു.

പ്രോജക്ട് നം., പേര്	Soo134/25, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്
അടങ്കൽ	വികസനഫണ്ട് ജനറൽ- 1200000 ബ്ലോക്ക് പഞ്ചായത്ത്- 300000 ജില്ലാ പഞ്ചായത്ത്- 160000 ആകെ- 1660000
ചെലവ്	വികസനഫണ്ട് ജനറൽ- 1143400 ബിൽ നം. 24/18.12.24- 477000 ബിൽ നം. 23/18.12.24- 267400 ബിൽ നം. 31/08.01.25- 305500 ബിൽ നം. 30/08.01.25- 21000 ബിൽ നം. 47/18.03.25- 72500 ബ്ലോക്ക് പഞ്ചായത്ത്- 300000 (ബിൽ നം. 18/14.10.2024)

	ജില്ലാ പഞ്ചായത്ത്- 0 ആകെ- 1443400

സ.ഉ.(എം.എസ്.) നം. 115/2022, തീയതി 28.05.2022 സർക്കാർ ഉത്തരവിലെ ഖ. 7.16(ബി)(സി)(ഡി)(ഇ) പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന ഒരു വിദ്യാർത്ഥിക്ക് പ്രതിവർഷം അനുവദിക്കാവുന്ന പരമാവധി സ്കോളർഷിപ്പ് തുക 28500/- രൂപയാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ തൻവർഷം ആരിഫ് മുഹമ്മദ് എഫ്. എന്ന വിദ്യാർത്ഥിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ- 5313358524) 34500/- രൂപ അനുവദിച്ചു നൽകി. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക്, അധികമായി അനുവദിച്ച തുക തൊട്ടടുത്ത വർഷത്തെ ബില്ലിൽ നിന്ന് കുറവ് ചെയ്യുന്നതാണ് എന്ന് നിർവ്വഹണോദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നൽകി. ഓഡിറ്റ് വർഷം അധികമായി അനുവദിച്ച 6000/- രൂപ തിരികെ ബന്ധപ്പെട്ട ഫണ്ടിലേക്ക് ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ആധികം നൽകിയ തുക നിർവ്വഹണോദ്യോഗസ്ഥയുടെ ബാധ്യതയായി നിശ്ചയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.
ഓഡിറ്റ് എൻകുയറി നം. 05/21.11.25
ഓഡിറ്റ് നിരാകരണം 6000/- രൂപ

1-17 കുഴൽ കിണറുകൾക്ക് പമ്പ് സെറ്റും ടാങ്കും സ്ഥാപിക്കൽ- എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ ചെയ്തില്ല-ധനവിനിയോഗ പ്രവൃത്തി പൂർത്തീകരണ വിവരങ്ങളില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടപ്പിലാക്കിയ 'കുഴൽ കിണറുകൾക്ക് പമ്പ് സെറ്റും ടാങ്കും സ്ഥാപിക്കൽ' എന്ന പ്രോജക്ടിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ പ്രവൃത്തികളും ചെയ്തിട്ടില്ലാത്തതായി ബോധ്യപ്പെട്ടിരിക്കുന്നു. പമ്പ് സെറ്റ് സ്ഥാപിക്കുന്നതിലെ പ്രവൃത്തികൾ സംബന്ധിച്ച് 25/11/2025 ന് ഗ്രാമപഞ്ചായത്തിലെ അക്കൌണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് വിശദാംശങ്ങൾ	പരിശോധനയിൽ കണ്ടെത്തിയത്
1.	കഴൽ കിണറുകൾക്ക്പമ്പ് സെറ്റും ടാങ്കും സ്ഥാപിക്കൽ (പ്രോ.നമ്പർ 224/25) ഈ പ്രോജക്ട് പ്രകാരം ചുവടെ ചേർക്കുന്ന സ്ഥലങ്ങളിലെ കഴൽ കിണറുകൾക്ക് പമ്പ് സെറ്റ് സ്ഥാപിക്കുന്നതിലേക്ക് തുക നൽകിയിരിക്കുന്നു. 1. കടമാൻകുടി ജംഗ്ഷന് സമീപം 2. ഗവ.എൽ.പി.എസ്., കൈപ്പള്ളി ഫണ്ട് – ധനകാര്യ കമ്മീഷൻ അവാർഡ് ബിൽ നമ്പർ – 767/07.03.2025. തുക – 9,16,000	<u>പ്രോജക്ട് നിർവ്വഹണം നടത്തിയ ഗവ.എൽ.പി.എസ്., കൈപ്പള്ളിയിലെ പ്രാദേശിക പരിശോധന വിവരം</u> പ്രസ്തുത പദ്ധയിൽ കഴൽക്കിണർ സ്ഥാപിക്കുന്നതിലേക്ക് 2,08,000 രൂപ ഭൂജല വകുപ്പ് ജില്ലാ ഓഫീസിന് കൈമാറിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റിൽ ഇനം നമ്പർ 11 അയി ഉൾപ്പെടുത്തിയിരിക്കുന്ന കൺസ്ട്രക്ഷൻ ഓഫ് വെൽ പ്രൊട്ടക്ഷൻ കവർ എന്ന പ്രവൃത്തിയിൽ വെൽ പ്രൊട്ടക്ഷൻ കവർ സ്ഥാപിക്കുകയോ കിണറിന് ചുറ്റുമുള്ള ബ്രിക്ക് വർക്ക് പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. 5 കുടിവെള്ള ടാപ്പുകൾ സ്ഥാപിക്കുന്നതിനാണ് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിരുന്നതെങ്കിലും ഒരു സ്റ്റീറ്റ് ടാപ്പ് മാത്രമാണ് പുതിയതായി സ്ഥാപിച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ 2 (9) ആയി ഉൾപ്പെടുത്തിയിരിക്കുന്ന കോൺക്രീറ്റ് കട്ടിംഗ് ആന്റ് റീ ഫില്ലിംഗ് പ്രവൃത്തി നിർവ്വഹിച്ചതായി വ്യക്തമല്ല.
2	കഴൽ കിണറുകൾക്ക് പമ്പ് സെറ്റും ടാങ്കും സ്ഥാപിക്കൽ (പ്രോ.നമ്പർ 342/25) ഈ പ്രോജക്ട് പ്രകാരം ചുവടെ ചേർക്കുന്ന സ്ഥലങ്ങളിലെ കഴൽ കിണറുകൾക്ക് പമ്പ് സെറ്റ് സ്ഥാപിക്കുന്നതിലേക്ക് തുക നൽകിയിരിക്കുന്നു. 1. ഒഴുകുപാറ ജംഗ്ഷൻ 2. തേവർതോട്ടം അംഗൻവാടി ഫണ്ട് – ധനകാര്യ കമ്മീഷൻ അവാർഡ് ബിൽ നമ്പർ – 766/07.03.2025. തുക – 4,38,000	<u>തേവർതോട്ടം അംഗൻ വാടിയിലെ പ്രാദേശിക പരിശോധന വിവരം</u> പ്രസ്തുത പദ്ധതി പ്രകാരം കഴൽ കിണർ സ്ഥാപിക്കുന്നതിലേക്ക് 1,28,000 രൂപ ഭൂജല വകുപ്പ് ജില്ലാ ഓഫീസിന് കൈമാറിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റിൽ 3 കുടിവെള്ള ടാപ്പുകൾ സ്ഥാപിക്കുന്നതിനാണ് തുക വകയിരുത്തിയിരുന്നതെങ്കിലും ഒരു സ്റ്റീറ്റ് ടാപ്പ് മാത്രമാണ് പുതിയതായി സ്ഥാപിച്ചിട്ടുള്ളത്.
3	കഴൽ കിണറുകൾക്ക് പമ്പ് സെറ്റും ടാങ്കും സ്ഥാപിക്കൽ (പ്രോ.നമ്പർ 455/25) കപ്പച്ചിൻ ആശ്രമത്തിന് സമീപമുള്ള കഴൽ കിണറുകൾക്ക് പമ്പ് സെറ്റും	4,18,384/- രൂപയുടെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

	ടാങ്കും സ്ഥാപിക്കുന്നതിലേക്ക് തുക നൽകിയിരിക്കുന്നു. ഫണ്ട് – ധനകാര്യ കമ്മീഷൻ അവാർഡ് ബിൽ നമ്പർ – 768/07.03.2025. തുക – 4,18,384/-	

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായ ഭൂജല വകുപ്പിന്റെ സാന്നിദ്ധ്യത്തിൽ നിർവ്വഹണം നടത്തിയ എല്ലാ കുഴൽക്കിണറുകളുടെയും പരിശോധന നടത്തി ചെയ്ത പ്രവൃത്തികളുടെ മൂല്യം നിർണ്ണയിച്ചതിന് ശേഷം അതിലേക്കുള്ള തുക നൽകി ബാക്കി തുക തിരികെ ഈടാക്കേണ്ടതും ധനവിനിയോഗ പ്രവൃത്തി പൂർത്തീകരണ രേഖകൾ ഹാജരാക്കേണ്ടതുമാണ്.
മേൽ സൂചിപ്പിച്ച അപാകതകൾ നിലനിൽക്കുന്നതിനാൽ ഭൂജല വകുപ്പിൽ നിക്ഷേപിച്ച 17,72,384/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ധനവിനിയോഗ പ്രവൃത്തി പൂർത്തീകരണ വിവരങ്ങൾ ഹാജരാക്കി തടസം തീർപ്പാക്കേണ്ടതാണ്.
ഓഡിറ്റ് എൻകുയറി നം. 27/01.12.2025

1-18 കന്നുകാലികൾക്ക് ധാതുലവണമിശ്രിതം പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം., പേര്	എസ്.023/25, കന്നുകാലികൾക്ക് ധാതുലവണ മിശ്രിതം
നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ
അടങ്കൽ	വികസനഫണ്ട് ജനറൽ- 100000
ചെലവ്	വികസനഫണ്ട് ജനറൽ- 100000 ബിൽ നം. 36/10.03.25

1). ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർക്ക് ഉരു ഒന്നിന് പരമാവധി 1000/- രൂപ നിരക്കിൽ ധാതുലവണ മിശ്രിതം വാങ്ങി വിതരണം ചെയ്യുന്നതിനായി വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്ടാണിത്. നീതി മെഡിക്കൽ സ്റ്റോർ, കുണ്ടറയിൽ നിന്നും 100000/- രൂപയ്ക്ക് ചുവടെ പറയും പ്രകാരം മരുന്നുകൾ വാങ്ങിയിട്ടുണ്ട്.

മരുന്നിന്റെ വിവരം	എണ്ണം	നിരക്ക്
Amenomin 1 Kg	700	120
Growvita 500 Ml	100	125
Growvita 100 Ml	100	35

എന്നാൽ വിതരണ രേഖകൾ പരിശോധിച്ചതിൽ 97 പേർക്ക് Amenomin 1 Kg-ന്റെ 7 പാക്കറ്റ് വീതവും, Growvita 500 Ml, Growvita 100 Ml എന്നിവ ഒരോ ബോട്ടിൽ വീതവും നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന Amenomin 1 Kgന്റെ 21 പാക്കറ്റും, Growvita 500 Ml, Growvita 100 Ml എന്നിവയുടെ 3 ബോട്ടിൽ വീതവും മരുന്നുകൾ വിതരണം ചെയ്യാൻ അവശേഷിക്കുന്നതിനാൽ ആയതിന്റെ ചെലവ് തുക 3000/- രൂപ തടസ്സപ്പെടുത്തുന്നു. വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
2) ധാതു ലവണ മിശ്രിതം കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്കൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ്	പേര്, മേൽവിലാസം

1	17	ശ്രീ. ബിജുമോൻ, കുന്നുവിള വീട്
2	17	ശ്രീമതി ബിൻസി, ബിൻസൺ ഭവൻ
3	17	ശ്രീമതി ഉഷാകുമാരി, വിഷ്ണു വിലാസം
4	17	ശ്രീ. പ്രകാശ്, തോട്ടത്തിൽ വീട്
5	17	ശ്രീമതി രാധാമണി, കിഴക്കേക്കര പുത്തൻ വീട്
6	19	ശ്രീ. ടി.എച്ച്. ജോൺ, ദീപാമന്ദിരം
7	19	ശ്രീ. വൈ. കുഞ്ഞുകുഞ്ഞ്
8	20	ശ്രീമതി പ്രസന്ന കുമാരി, വസന്ത വിലാസം
9	21	ശ്രീമതി അംബിക, തോട്ടുപുറത്ത് വീട്
10	21	ശ്രീ. ചന്ദ്ര മോഹൻ, ആനന്ദ വിലാസം

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കു ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുക 10000/- (1000X10) രൂപ തടസ്സപ്പെടുത്തുന്നു.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്തൃ പട്ടികയ്ക്ക് ഗ്രാമസഭയുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും അംഗീകാരം വാങ്ങി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി 18/28.11.2025
തടസ്സപ്പെടുത്തുന്ന തുക 13000/- രൂപ (10000+3000)

1-19 മഴക്കാല പൂർവ്വശുചീകരണം - പിൻവലിക്കാത്ത തുകയ്ക്ക് ചെലവ് രേഖകൾ ഹാജരാക്കി

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തിലെ 22 വാർഡുകൾക്ക് 20,000 രൂപ നിരക്കിൽ 4,40,000 രൂപ ചെക്ക് നമ്പർ 702045/17.05.2024 മുഖേന മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിവിധ വാർഡ് ഹെൽത്ത് ആന്റ് സാനിട്ടേഷൻ കമ്മിറ്റികളുടെ അക്കൌണ്ടുകളിലേക്ക് നൽകിയിട്ടുണ്ട്.
മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധമായി വാർഡ് 2 ൽ നിന്ന് 20000/- രൂപയുടെ ചെലവ് സ്റ്റേറ്റുമെന്റുകളും അനുബന്ധ വൌച്ചറുകളും കാഷ്ബുക്കും ഹാജരാക്കിയെങ്കിലും ബാങ്കിൽ നിന്ന് 12,000 രൂപ മാത്രമാണ് പിൻവലിച്ചിട്ടുള്ളത്. ഹാജരാക്കിയ രേഖകളുടെയും ബാങ്ക് സ്റ്റേറ്റ്മെന്റ് വിവരങ്ങളുടെയും സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

കാഷ്ബുക്ക് പ്രകാരം.			
വരവ്		ചെലവ്	
മുന്നിരിപ്പ്	218		
വരവ് – 24.05.2024	20000	13.09.2024	8000
		-----/01/25	8000
		-----/03/25	4000
		നീക്കിയിരിപ്പ്	218
	20218	ആകെ	20,218

ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം.

വരവ്		ചെലവ്	
മുന്നിരിപ്പ്	218		
വരവ് – 24.05.2024	20000	13.09.2024 (ചെക്ക് നം -30684)	8000
പലിശ വരവ് – 29.03.2025	446	22/03/25 (ചെക്ക് നം -30686)	4000
		നീക്കിയിരിപ്പ്	8664
	20664	ആകെ	20664

ബാങ്കിൽ നിന്ന് പിൻവലിക്കാത്ത 8000 രൂപയുടെ ചെലവുകൾ രേഖപ്പെടുത്തി വൌച്ചറുകൾ ഹാജരാക്കിയതിന്മേൽ രേഖാമൂലമുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക പിൻവലിക്കാതെ ചെലവ് ചെയ്തത് സംബന്ധിച്ച് വിശദീകരണവും ആയതിന്മേൽ സ്വീകരിച്ച തുടർ നടപടിയുടെ വിവരവും രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി നമ്പർ 25/01.12.2025

1-20 ഐ.സി.ഡി.പി. സബ്സെന്റർ വാടക-വാടക്കരാർ ലഭ്യമാക്കിയില്ല

പ്രോജക്ട് നം., പേര്	Soo32/25, വെറ്ററിനറി ഹോസ്പിറ്റലിലെ അനുബന്ധ ചെലവുകൾ
അടങ്കൽ	മെയിന്റനൻസ് ഫണ്ട് – നോൺ റോഡ്
ചെലവ്	മെയിന്റനൻസ് ഫണ്ട് – നോൺ റോഡ് 83103 രൂപ

മേൽ പ്രോജക്ടിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ബിൽ നം. 31/21.01.2025 പ്രകാരം 9082/- രൂപ ശ്രീരാമവിലാസം എൻ.എസ്.എസ്. സെക്രട്ടറിയ്ക്ക് കൈപ്പള്ളി ഐ.സി.ഡി.പി. സബ്സെന്ററിന്റെ 01.04.2021 മുതൽ 31.05.2024 വരെയുള്ള വാടകയിനത്തിൽ നൽകിയിട്ടുണ്ട്. വാടക സംബന്ധിച്ച കരാറും വാടക നിശ്ചയിച്ചതിന്റെ രേഖകളും 2021 മുതലുള്ള വാടക കൂടിശിക ആയതിന്റെ വിവരവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 9082/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി നം. 24/01.12.2025
തടസ്സപ്പെടുത്തുന്ന തുക 9082/- രൂപ

1-21 അളവു പുസ്തകത്തിൽ അളവുകൾ അധികമായി രേഖപ്പെടുത്തി മൂല്യം നിർണയിച്ചു.- ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക ഒട്ടക്കി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പൊതുചിറകളുടെ നവീകരണം എന്ന പദ്ധതിയുടെ അളവു പുസ്തകത്തിലെ കണക്കുകൂട്ടലിൽ പിഴവുകൾ വരുത്തിയതുമൂലം അധികമായി പ്രവൃത്തിമൂല്യം നിർണയിച്ച് തുക നൽകി. പ്രവൃത്തി വിവരങ്ങളും അളവ് വിവരങ്ങളും ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ/പേര്	364/25- പൊതുചിറകളുടെ നവീകരണം
അടങ്കൽ തുക/ഫണ്ട്	17,08,913/- വികസന ഫണ്ട് (CFC)
കരാറുകാരൻ	ശ്രീ. മാണി.ജെ
കരാർത്തുക	14,48,231/-
എഗ്രിമെന്റ് നം./തീയതി	58/AE/LSGD/EDML/2022-23തീ.31.01.23
എം. ബുക്ക് നമ്പർ	52067/22

ചെലവ്	7,02,458/- രൂപ
ബിൽ നം.	1. 783/26.03.24 ₹2,63,365/- 2.510/06.12.24 ₹4,39,093/-

പ്രസ്തുത പ്രവൃത്തിയുടെ ഇനം DR FROM MIDDLE BELT TO TOP BELT എന്ന പ്രവൃത്തി 1 X7.00 X(0.85+0.60)/2x (0.55+0.8+1)/2= 5.96300 എന്നത് അളവു പുസ്തകത്തിലെ കണക്കുകൂട്ടലിലെ പിഴവാണ്. പിഴവ് ഒഴിവാക്കിയാൽ അളവ് 1 X7.00 X(0.85+0.60)/2x (0.55+0.8+1)/3= 3.973 M3 മാത്രമാണ്. 1.99m3 അളവ് അധികമായി കണക്കാക്കി M3 ന് 3313.2 രൂപ നിരക്കിൽ 6593/- രൂപ അധികം നൽകി.

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി ഓഡിറ്റ് എൻകുയറി നൽകിയതിനെത്തുടർന്ന് 29.11.25 ലെ R-G020505-25005513 നം. രസീത് പ്രകാരം ശ്രീ. മാണി.ജെ 6593/- രൂപ ഒടുക്കി.

1-22 ഇൻഷുറൻസ് കവറേജ് ഇല്ലാതെ പ്രവൃത്തി നിവ്വഹണം - ഓഡിറ്റ് - നിർദ്ദേശത്തെത്തുടർന്ന് പിഴ ഈടാക്കി.

ഒരു പ്രവൃത്തി ആരംഭിച്ച 15 ദിവസങ്ങൾക്കുള്ളിൽ പ്രസ്തുത പ്രവൃത്തിക്കുള്ള ഇൻഷുറൻസ് കവറേജ് എടുത്തിരിക്കണമെന്നും അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% തുക ബില്ലിൽ നിന്നും കുറവ് ചെയ്യുമെന്നും ലെറ്റർ ഓഫ് അക്സപ്റ്റൻസിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഇൻഷ്വറൻസ് എടുക്കാതെ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് അന്തിമ ബില്ലിൽ നിന്നും 0.2% തുക കുറവ് വരുത്തിയിരുന്നില്ല.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ/ പേര്	കരാർ തുക	ബിൽ തുക, ബിൽ നം./തീയതി	കരാറുകാരൻ	ഈടാക്കേണ്ട പിഴത്തുക
1	101 /തലമല വി എം ടി റോഡ് പുനരുദ്ധാരണം	366,408/-	3,69,694/- 81/25.03.25	ശ്രീ ഹാരിസ്	733/-
2	444/കോടന്നൂർ ഏല റോഡ് കോൺക്രീറ്റിംഗ്	97,108/-	50,000/-793/18.03.25	,,	194/-
3	126 /മരുർ ഇടുപിടിക്കൽ ലിങ്ക് റോഡ്	127,797/-	1,50,800/-705/01/03.25	,,	256/-
4	96 /കൊച്ചു പുന്നവേലി വേലംകോണം റോഡ്	1,91,918/-	2,24,621/-58/13.02.25	,,	384/-
5	92 /എരപ്പൻപാറ കണിക്കോണം റോഡ്	1,98,773/-	2,33,195/-72/15.03.25	,,	398/-
6	131/അമ്പിക്കീഴതിൽ മലയിൽഭാഗം റോഡ്	1,27,660/-	1,50,639/-831/24.03.25	,,	256/-
7	383 /കീഴ്ട്ട് ഭാഗം പുത്തൻപാറ റോഡ്	1,91,490/-	2,24,825/-832/24.03.25	,,	383/-
8	391 അറക്കൽ എസ് സി ബി ജം. ഭജനമഠം റോഡ്	1,31,041/-	1,54,620/-828/13.02.25	,,	262/-
9	103 അറക്കൽ കാഷ്യൂ ഫാക്ടറി മലമേൽ ഓ ടി പി	1,34,688/-	1,58,932/-617/22.01.25	,,	270/-

	റോഡ് പുനരുദ്ധാരണം				
10	105 കാവിലഴികം കടലപ്പ വാളകം ഏലാ റോഡ് സൈഡ് പ്രൊട്ടക്ഷൻ	133,855/-	1,45,774/-85/25.03.25	,,	268/-
11	179 പഴങ്കോണത്ത് റോഡ് 143 കോട്ടയിൽ ഭാഗം കീഴെ വാതുക്കൽ കൊടുവൻ പറമ്പിൽ റോഡ്	1,94,415/-	2,26,123/-706/01.03.25	,,	389/-
12	337 കൺസ്ലക്ഷൻ ഓഫ് സൈഡ് വാൾ പ്രൊട്ടക്ഷൻ കുരക്കുന്നിൽ റോഡ്	3,50,038/-	3,85,296/-46/26.10.24	ശ്രീ നിസാറുദ്ദീൻ	700/-
13	270 കൃഷിഭവൻ എരപ്പൻപാറ റോഡ് നവീകരണം	4,21,602/-	3,28,346/-08.16.5.24	ശ്രീ ഹാരിസ്	844/-
14	319/25 ആയൂർ പി.എച്ച്.സി. സബ്സെന്ററിന് അടസ്ഥാന സൗകര്യ വികസനം	2,50,934/-	2,74,952/-48/22.11.24	ശ്രീ ഷിഹാദ്	502/-
15	296/25 മഞ്ഞാറംകുന്ന് അംഗനവാടിയ്ക്ക് റീടൈലിംഗ് വാൾ	4,02,257/-	4,71,347/-567/31.12.24	ശ്രീ ഹാരിസ്	805/-
16	314/25 ആനപ്പുഴയ്ക്കൽ കൈപ്പള്ളി ജം. റോഡ്	2,64,969/-	3,10,180/-47/18.11.24	,,	530/-
17	119/24 തടിക്കാട് കനകക്കുന്ന് റോഡ്	10,12,773/-	3,00,000/-7/16.05.24 7,90,033/-792/27.3.25	''	2026/-
18	228/25 തടിക്കാട് കനകക്കുന്ന് റോഡ്	4,93,963/-	5,42,973/-22/04.07.24	,,	988/-
19	291/25, ഒടിപി ജം. മലമേൽ ക്ഷത്രം റോഡ്	8,02,497/-	9,43,012/-36/01.08.24	,,	1605/-
20	396/25 പി.എച്ച്.സി. റോഡ് നവീകരണം	9,34,387/-	3,04,735/-56/22.01.25 6,92,323/-84/25.03.25	,,	1869/-
21	397/25 തടിക്കാട് കൊമ്പേറ്റി മല റോഡ് നവീകരണം	7,57,328/-	8,60,349/-57/22.01.25	,,	1515/-
ആകെ					15,177/-

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി ഓഡിറ്റ് എൻകൂയറി നൽകിയതിനെത്തുടർന്ന് 01.12.25 ലെ R-G020505-25005575 നം. രസീത് പ്രകാരം ശ്രീ. ഹാരിസ് 13,975/- രൂപ, 29.11.25 ലെ R-G020505-25005516 നം. രസീത് പ്രകാരം ശ്രീ ഷിഹാദ് 502/- രൂപ, 29.11.25 ലെ R-G020505-25005528 നം. രസീത് പ്രകാരം ശ്രീ. നിസാറുദ്ദീൻ 700/- രൂപയും എന്നിങ്ങനെ ഇൻഷ്വറൻസ് പിഴയിനത്തിലുള്ള മുഴുവൻ തുകയും ഒടുക്കി. ഒരു പ്രവൃത്തി ആരംഭിച്ച് നിയമാനുസൃത സമയപരിധിക്കുള്ളിൽ ഇൻഷുറൻസ് കവറേജ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

1-23 പാക്ക്ഡ് ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില ഈടാക്കൽ- ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക ഒടുക്കി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ വിവിധ പ്രവൃത്തികൾക്ക് കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. കരാറുകാരൻ ഉപയോഗിച്ച പാക്ക്ഡ് ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് ധനകാര്യ പരിശോധന വിഭാഗത്തിന്റെ 03.10.2024ലെ InspTech-1/512/2024-FINനോട്സ് പ്രകാരം എൽ.എസ്.ജി.ഡി.പ്രിൻസിപ്പൽ ഡയറക്ടർക്ക് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ വിവിധ പ്രവൃത്തികൾക്കായി ഉപയോഗിച്ച പാക്ക്ഡ് ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരിൽ നിന്നും ഈടാക്കിയിരുന്നില്ല. പ്രവൃത്തി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ വിശദാംശങ്ങൾ	ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ (കി.ഗ്രാം.)			ബാരലുകളുടെ എണ്ണം	ഈടാക്കേണ്ട വില (ജി.എസ്.ടി ഉൾപ്പെടെ)
	VG 30	RS1	SS1		282 /- രൂനിരക്കിൽ
237/25 തടിക്കാട് കനകക്കുന്ന് റോഡ്	1114.38	145.24	448.92	9	2538
228/25 തടിക്കാട് കനകക്കുന്ന് റോഡ്	2376.08	127.3	61.875	15	4230
*233/25 കൃഷിഭവൻ ഇരുപ്പിൽപാറ റോഡ് നവീകരണം	5527.42	553.21	348.33	31	8742
*238/25 അറയ്ക്കൽ കൃഷിഭവൻ കണിക്കോണം റോഡ്					
*229/25 അറയ്ക്കൽ ഇരപ്പൻപാറ റോഡ്					
*231/25 വെള്ളൂർ കിഴക്കേയറ്റം മലയാംകുളം മുതുവാനം റോഡ്					
*243/25 മുതുവാനം മലയാംകുളം ഹൗസിംഗ് കോംപ്ലക്സ് റോഡ് റീ ടാറിംഗ്					

*മേൽ സൂചന പ്രവൃത്തികളിൽ 39 ബാരൽ ബിറ്റുമിൻ ഉപയോഗിച്ചതിൽ 8 ബാരലിന്റെ വില ബില്ലിൽ കുറവ് ചെയ്തിട്ടുണ്ട്.	
ആകെ	15510/-

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി ഓഡിറ്റ് എൻകുയറി നൽകിയതിനെത്തുടർന്ന് 29.11.25 ലെ R-G020505-25005527 നം. രസീത് പ്രകാരം കരാറുകാരൻ ശ്രീ. ഹാരിസ് 15,510/- രൂപ ഒടുക്കി.

1-24 കർഷക ഗ്രൂപ്പുകൾക്ക് റിവേൾവിംഗ് ഫണ്ട് - മാർഗനിർദ്ദേശങ്ങൾ പാലിയ്ക്കുന്നതിൽ പിഴവുകൾ.

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ കർഷക ഗ്രൂപ്പുകൾക്കും പാടശേഖരസമിതികൾക്കും റിവോൾവിംഗ് ഫണ്ട് എന്ന പ്രോജക്ടിനായി (പ്രോ.നം. 267) 21.05.24ലെ ബിൽ നം. 02 പ്രകാരം 25206/- രൂപ ഹരിത കർഷക സ്വയം സഹായ സംഘം, തടിക്കാടിന്റെയും കൃഷി ഓഫീസറുടെയും പേരിൽ അറയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിൽ ആരംഭിച്ച ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് (അക്കൗണ്ട് നം.002001012333). അംഗീകൃത കർഷക ഗ്രൂപ്പുകൾക്കും പാടശേഖര സമിതികൾക്കും റിവേൾവിംഗ് ഫണ്ട് നൽകാവുന്നതാണെന്നും സ്വീകരിച്ച റിവോൾവിംഗ് ഫണ്ട് വിളവെടുപ്പിന് ശേഷം മേൽപ്പറഞ്ഞ അക്കൗണ്ടിലേക്ക് തിരികെ നിക്ഷേപിക്കേണ്ടതും തുടർന്ന് അടുത്ത വിളയ്ക്കായി റിവോൾവ് ചെയ്യേണ്ടതാണെന്നും 28.05.22ലെ സ.ഉ.(കൈ) നം.115/2022/തസ്വഭവ പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിരിക്കെ പ്രസ്തുത തുക നാളിതുവരെ റിവോൾവ് ചെയ്തിട്ടില്ല. മേൽ സൂചന അപാകതയിൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല.
മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി ഫണ്ട് തിരികെ നിക്ഷേപിക്കുന്നതിനും പുനരുപയോഗിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

1-25 ജില്ലാതല യൂണിറ്റ് കോസ്റ്റ് ആധാരമാക്കി ജൈവ ജീവാണു കീടനാശിനികള ുടെ വില നിർണയം-നടപടികളിൽ പിഴവുകൾ

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ജൈവ ജീവാണു കീടനാശിനികൾ എന്ന പ്രോജക്ടിനായി (പ്രോ.നം. 263) 21.05.24ലെ ബിൽ നം. 15 പ്രകാരം സബ്സിഡിയിനത്തിൽ 56250/- രൂപ ചെലവഴിച്ച് 300 രൂപ നിരക്കിൽ 250 ബയോ പെസ്റ്റിസൈഡ് കിറ്റുകൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം.1844/തീ.04.05.24, ആകെ വില-75,000/- രൂപ). ജൈവ ജീവാണു കീടനാശിനികളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം എന്ന 28.05.22ലെ സ.ഉ.(കൈ) നം.115/2022/തസ്വഭവ പ്രകാരമുള്ള സബസിഡി മാർഗ്ഗരേഖയിലെ നിർദ്ദേശത്തെ ആധാരമാക്കി വിവിധയിനം ജൈവ ജീവാണു കീടനാശിനികളുടെ വില ജില്ലാതലത്തിൽ നിശ്ചയിച്ചിരിക്കെ ഏതേത് കീടനാശിനികൾ എത്രയളവിൽ കിറ്റിൽ ഉൾപ്പെടുന്നുവെന്ന് വ്യക്തമാക്കാതെ കിറ്റ് ഒന്നിന് വില നിശ്ചയിച്ച് തദനുസൃതമായാണ് സബ്സിഡി നൽകിയിരിക്കുന്നത്.

ജൈവ ജീവാണു കീടനാശിനികൾ വാങ്ങി നൽകുന്നതിനായി ആവിഷ്കരിയ്ക്കുന്ന പ്രോജക്ടുകളിൽ കിറ്റിൽ ഉൾപ്പെട്ടിരിക്കുന്ന ജൈവ ജീവാണു കീടനാശിനികൾ ഏതൊക്കെയെന്നും എത്ര അളവിലെന്നും രേഖപ്പെടുത്തി ജില്ലാതല യൂണിറ്റ് കോസ്റ്റിനെ ആധാരമാക്കി വില നിർണയിച്ച് സബ്സിഡി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ സൂചിത അപാകതകൾക്ക് രേഖാമൂലമുള്ള വിശദീകരണം നൽകേണ്ടതാണ്.

1-26 നിക്ഷേപ പ്രവൃത്തികൾ- ധനവിനിയോഗ പ്രവൃത്തി പൂർത്തീകരണ വിവരങ്ങളില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി വിവിധ ഏജൻസികളിൽ തുകകൾ നിക്ഷേപിച്ച് നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ ധനവിനിയോഗ വിവരങ്ങളോ പ്രവൃത്തി പൂർത്തീകരണ വിവരങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ, പേര്	ബിൽ നമ്പർ/തീയതി	തുക₹	കൈപ്പറ്റിയ ഏജൻസി
1	461/2025- പൊതു ടാപ്പുകൾ നീക്കം ചെയ്യൽ	526/12.12.2024	74700/-	കേരള വാട്ടർ അതോറിറ്റി
2	431/2025- മതുരപ്പ പി.എച്ച് സബ് സെന്ററിന് വൈദ്യുതകണക്ഷൻ	707/12.07.24	66948/-	കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്
ആകെ			141,648/-	

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭിച്ചിട്ടില്ല. ധനവിനിയോഗ പ്രവൃത്തി പൂർത്തീകരണ രേഖകളുടെ അഭാവത്തിൽ പദ്ധതികൾക്കായി വിവിധ ഏജൻസികളിൽ നിക്ഷേപിച്ച 141,648/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ധനവിനിയോഗ പ്രവൃത്തി പൂർത്തീകരണ വിവരങ്ങൾ ഹാജരാക്കി തടസം തീർപ്പാക്കേണ്ടതാണ്.
ഓഡിറ്റ് എൻകുയറി നം. 27/01.12.2025

1-27 വിവിധ ഭവന നിർമ്മാണ പ്രോജക്ടുകൾ- ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നു.

2024-2025 സാമ്പത്തിക വർഷം സ്പിൽ ഓവർ ഉൾപ്പെടെ ജനറൽ വിഭാഗത്തിൽ 2 ഉം പട്ടികജാതി വിഭാഗക്കാർക്കായി 3 ഉം ഭവന നിർമ്മാണ പ്രോജക്ടുകളാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയിട്ടുള്ളത്. ഈ 5 പ്രോജക്ടുകളിലുമായി കരാർ ചമച്ച് നിർമ്മാണം ആരംഭിച്ചിട്ടും ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

1. ലൈഫ് എസ്.സി.പി വിഭാഗത്തിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവർ

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	നാളിതുവരെ കൈപ്പറ്റിയ തുക
1	ശ്രീമതി സൌമി, ഇലഞ്ഞിയറ വീട്, തടിക്കാട്	40,000
2	ശ്രീ. സുരേഷ് ബാബു, ലക്ഷ്മി ഭവൻ, പടിഞ്ഞാറ്റിൻകര	2,00,000
3	ശ്രീമതി മിനിമോൾ, പയറ്റുവിള വീട്, പടിഞ്ഞാറ്റിൻകര	2,27,159

2. ലൈഫ് ജനറൽ വിഭാഗത്തിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവർ

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	നാളിതുവരെ കൈപ്പറ്റിയ തുക
1	ശ്രീ. കുഞ്ഞപ്പി, വടക്കേവിള വീട്, പൊടിയാട്ടുവിള	40,000
2	ശ്രീമതി പത്മിനി, പറങ്കിമാംവിള വീട്, ഇടയം	40,000
3	ശ്രീ. സജീവ്.ഡി, തെക്കേവിള വീട്, പനച്ചവിള	40,000
4	ശ്രീമതി പൂർണ്ണിമ, കല്ലുവിള വീട്, പനച്ചവിള	40,000

5	ശ്രീമതി ചന്ദ്രമതിയമ്മ, അനീഷ് ഭവൻ, അസുരമംഗലം	2,00,000

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻകുയറിക്ക്, എസ്.സി.പി വിഭാഗത്തിലെ ആദ്യ ഗുണഭോക്താവിനും ജനറൽ വിഭാഗത്തിലെ ആദ്യ 4 ഗുണഭോക്താക്കളും ആദ്യ ഗഡു കൈപ്പറ്റിയശേഷം നിർമ്മാണം തുടരാത്തത് സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ടെന്നും അല്ലാത്തവരുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്നും നിർവ്വഹണം പൂർത്തീകരിച്ച് വിവരങ്ങൾ ഓഡിറ്റിന് കൈമാറുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്. നിർവ്വഹണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതും അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻകുയറി നം. 12/27.11.2025

1-28 ഹരിതാഭമായ ആയൂർ ടൌൺ - ബിന്നുകൾ സ്ഥാപിച്ചതിന്റെ വിശദാംശങ്ങളില്ല.

ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്ത് സമ്പൂർണ്ണ മാലിന്യ മുക്തമായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി വാങ്ങിയ ബിന്നുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	353/ 2025
പേര്	ഹരിതാഭമായ ആയൂർ ടൌൺ
ഫണ്ട്- തനത് ഫണ്ട് (അടങ്കൽ)	2,00,000
ചെലവ്, ബിൽ നമ്പർ, തീയതി, തുക	840/24.03.2025 1,80,000

ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ മാലിന്യ മുക്തമായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി ബിന്നുകൾ സ്ഥാപിക്കുന്നതിനായി ഫ്ളോറെറ്റ് ടെക്നോളജീസ് എന്ന കമ്പനിയിൽ നിന്നും പോൾ മൌണ്ടഡ് സ്റ്റെയിൻലസ് സ്റ്റീൽ ഡസ്റ്റ് ബിൻ എസ്.എസ്.2 ഇൻവോയ്സ് എഫ്. റ്റി.എം.178/2024-2025/10.03.2025 പ്രകാരം 15 എണ്ണം വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് പ്രകാരം വാങ്ങിയ വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ച് ഉപയോഗയോഗ്യമാക്കിയതിന്റെ വിവരം ലഭ്യമല്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവായ തുക തടസ്സപ്പെടുത്തുന്നു.

വേസ്റ്റ് ബിന്നുകൾ വാങ്ങി സ്ഥാപിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കി 1,80,000 രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻകുയറി നം. 28/01.12.2025

1-29 പൊതുസ്ഥലങ്ങൾ ഭംഗിയുള്ളതാക്കൽ - തുടർ പരിപാലനമില്ലാതെ പ്രോജക്ട് - പാഴ്ചെലവായി

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിലെ ആയൂർ പട്ടണം ഉൾപ്പെടെ ചെറു പട്ടണങ്ങളിലും പാതയോരങ്ങളിലും ചെടികൾ വെച്ച് മനോഹരമാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ 'പൊതുസ്ഥലങ്ങൾ ഭംഗിയുള്ളതാക്കൽ' എന്ന പ്രോജക്ട് തുടർ പരിപാലനമില്ലാതെ പാഴ് ചെലവായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	181/ 2025
പേര്	പൊതുസ്ഥലങ്ങൾ ഭംഗിയുള്ളതാക്കൽ
ഫണ്ട്- തനത് ഫണ്ട് (അടങ്കൽ)	5,00,000

ചെലവ്- ബിൽ നമ്പർ, തീയതി, തുക	839/24.03.2025 53,007

മാർച്ച് 3 സമ്പൂർണ്ണ മാലിന്യമുക്ത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി ആയൂർ പട്ടണം ഉൾപ്പെടെയുള്ള ഗ്രാമ പഞ്ചായത്തിലെ ചെറു പട്ടണങ്ങളും പാതയോരങ്ങളും ചെടിവച്ച് സൌന്ദര്യവൽക്കരിക്കുന്നതിന് 100 ചെടിച്ചട്ടികൾ ഗ്രീൻ കൺസപ്ട്സ് എന്ന സ്ഥാപനത്തിന്റെ ഒരു ചട്ടിക്ക് 310 രൂപ നിരക്കിലുള്ള കമ്മീഷൻ അംഗീകരിച്ച് വാങ്ങി ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചു. ഇത് സംബന്ധിച്ച് 25/11/2025 ന് ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിലെ അക്കൌണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട്	
പൊതു ഇടങ്ങൾ ഭംഗിയുള്ളതാക്കൽ പ്രോജക്ട്- നമ്പർ 181/ 2025 ആയൂർ ടൌൺ ഉൾപ്പെടെ ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സിമന്റ് ചട്ടികളിലാക്കിയ വിവിധ തരം ചെടികൾ വച്ചുപിടിപ്പിക്കൽ.	ആയൂർ പട്ടണം ഉൾപ്പെടെ ചെറു പട്ടണങ്ങളിലും പാതയോരങ്ങളിലും ചെടികൾ വച്ച് മനോഹരമാക്കുന്നതിന്റെ ഭാഗമായി സിമന്റ് ചട്ടികൾ വാങ്ങി ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട ജംഗ്ഷനുകളായ ആയൂർ, തടിക്കാട് തുടങ്ങിയ സ്ഥലങ്ങളിലും മറ്റ് ജംഗ്ഷനുകളിലും സ്ഥാപിക്കുന്നു എന്നാണ് പ്രോജക്ടിൽ വ്യക്തമാക്കിയിരിക്കുന്നത്. പ്രാദേശിക പരിശോധന വേളയിൽ പരിശോധനക്ക് വിധേയമാക്കാൻ കഴിഞ്ഞ ചട്ടികളൊന്നും തന്നെ ചെടികൾ വളർത്തിയ നിലയിലായിരുന്നില്ല. യാതൊരു പരിപാലനവുമില്ലാത്ത നിലയിൽ ആയൂർ ജംഗ്ഷൻ, ഇടമുളയ്ക്കൽ ജംഗ്ഷൻ എന്നീ സ്ഥലങ്ങളിൽ ചെടിച്ചട്ടികൾ കാണപ്പെട്ടു.

വാങ്ങിയ ചെടികളുടെ തുടർ പരിപാലനത്തിനുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിക്കാതെ നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ട് നിലവിൽ പാഴ്ചെലവായിരിക്കുകയാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭിച്ചിട്ടില്ല. പദ്ധതിയുടെ തുടർ പരിപാലനം ഉറപ്പാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ ചെലവായ 53,007 രൂപ തടസ്സപ്പെടുത്തുന്നു. സന്നദ്ധ സംഘടനകൾ, വ്യാപാരി വ്യവസായികൾ, സ്കൂൾ എൻ.എസ്.എസ് എന്നിവരുടെ സഹായത്തോടെ തുടർപരിപാലനം പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻകുയറി നമ്പർ 27/01.12.2025

1-30 ജീവിതശൈലീ രോഗങ്ങളുടെ പരിശോധനയും നിയന്ത്രണവും – മാർഗ്ഗരേഖയിൽപെടാത്ത പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കി.

മെഡിക്കൽ ഓഫീസർ (അലോപ്പതി) മാർഗ്ഗരേഖകളിൽ പരാമർശിക്കാത്ത വയോജനങ്ങൾക്ക് ജീവിതശൈലീ രോഗങ്ങളുടെ പരിശോധനയും നിയന്ത്രണവും എന്ന പ്രോജക്ട് ആവിഷ്കരിച്ച് നിർവ്വഹണം നടത്തിയിരിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	എസ്.ഒ.94/2024-2025

പേര്	ജീവിതശൈലീ രോഗങ്ങളുടെ പരിശോധനയും നിയന്ത്രണവും	
ഫണ്ട്, അടങ്കൽ	വികസന ഫണ്ട് (ജനറൽ)	6,00,000
ചെലവ്- ബിൽ നമ്പർ, തീയതി, തുക	240407520102001832 47/18.05.2024	1,88,160

ജീവിതശൈലീ രോഗങ്ങളുടെ പരിശോധനയും നിയന്ത്രണവും എന്ന പ്രോജക്ട് പ്രകാരം HBA1C, RFT (റീനൽ ഫങ്ഷൻ ടെസ്റ്റ്) ടെസ്റ്റുകൾ നടത്തുന്നതിന് പഞ്ചായത്ത് പരിധിയിലെ ചുവടെ ചേർക്കുന്ന ഭാഗങ്ങളിൽ ക്യാമ്പ് നടത്തിയിട്ടുണ്ട്.

ക്രമ നമ്പർ	ക്യാമ്പ് നടന്ന സ്ഥലം	ഗുണഭോക്താക്കളുടെ എണ്ണം	ഒരാൾക്ക് നൽകിയ തുക	ആകെ തുക
1	പെരുമാന്നൂർ	100	490	49,000
2	ആയൂർ	62	490	30380
3	ഇടയം	105	490	51450
4	ഇടമുളയ്ക്കൽ	71	490	34790
5	മതുരപ്പ	46	490	22540
ആകെ				**1,88,160**

ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള 19.04.2022 തീയതിയിലെ സർക്കാർ ഉത്തരവ്(കൈ) നം.84/2022 തസ്വഭവ നമ്പർ മാർഗ്ഗരേഖയിലോ, ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള 28.05.2022 തീയതിയിലെ സർക്കാർ ഉത്തരവ്(കൈ) നം.115/2022 തസ്വഭവ നമ്പർ സബ്സിഡി ധനസാഹായം അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയിലോ രോഗ നിർണ്ണയത്തിന് വേണ്ടിമാത്രമുള്ള ക്യാമ്പ് നടത്തുന്നതിലേക്കുള്ള പ്രോജക്ടിന് അനുമതി നൽകിയിട്ടില്ല.

2. ആകെ 5 ക്യാമ്പുകളിലായി 384 ഗുണഭോക്താക്കൾക്ക് രക്ത പരിശോധന നടത്തുന്നതിലേക്കായി 1,88,160 രൂപ നൽകിയിട്ടുണ്ടെങ്കിലും ഇടമുളയ്ക്കൽ എഫ്.ഡബ്ല്യു.സിയിൽ നടന്ന ക്യാമ്പിൽ പങ്കെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്ന 71 പേരിൽ 70 ഗുണഭോക്താക്കളുടെ ഒപ്പുകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. മറ്റ് ക്യാമ്പിൽ എത്ര ഗുണഭോക്താക്കൾ പങ്കെടുത്തുവെന്നോ എത്ര ഗുണഭോക്താക്കൾക്ക് രക്ത പരിശോധന നടത്തിയിട്ടുണ്ടെന്നോ ഉള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നിൽകിയ ഓഡിറ്റ് എൻകുയറിക്ക്, ടെസ്റ്റ് റിസൽട്ട് പരിശോധിച്ച് തുടർ ചികിത്സയ്ക്കായി താലൂക്ക്, മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് റഫർ ചെയ്യുകയാണ് എന്നാണ് മറുപടി നൽകിയത്.

മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത രോഗ നിർണ്ണയത്തിനുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയ നടപടി നിർവ്വഹണ ഉദ്യോഗസ്ഥരുടെയും അംഗീകാരം നൽകിയ ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെയും ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. കേവലം രോഗനിർണ്ണയ ടെസ്റ്റ് നടത്തുന്നതിന് മാത്രം പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

ക്യാമ്പിൽ പങ്കെടുത്ത എല്ലാവരുടെയും രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ ചെലവായ തുക 1,88,160/- രൂപ തടസ്സപ്പെടുത്തുന്നു. ഇടമുളയ്ക്കൽ എഫ്.എച്ച്സിയിൽ

നടത്തിയ ക്യാമ്പിൽ പങ്കെടുത്തവർ ഒഴികെ മറ്റ് ക്യാമ്പിൽ പങ്കടുത്തവരുടെ എല്ലാവരുടെയും ലിസ്റ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി നമ്പർ 14/27.11.2025

1-31 തെരുവുവിളക്ക് പരിപാലനം – നിർവ്വഹണത്തിലെ അപാകതകൾ

തെരുവുവിളക്ക് സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുമായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവ്വഹണത്തിലും രേഖകളുടെ പരിപാലനത്തിലും പിഴവുകൾ സംഭവിച്ചു. വിശദവിവരം ചുവടെ ചേർക്കുന്നു.

I. തെരുവുവിളക്കുകൾക്ക് അറ്റകുറ്റപണി ഉപകരണങ്ങൾ വാങ്ങൽ**.**

പ്രോജക്ട് നമ്പർ	എസ്.14/2024-2025	
പേര്	തെരുവുവിളക്ക് അറ്റകുറ്റപ്പണി – ഉപകരണങ്ങൾ വാങ്ങൽ.	
ഫണ്ട്	തനത് ഫണ്ട്	
അടങ്കൽ	7,00,000	
ചെലവ്	456/26.10.2024	4,59,160
	527/12.12.2024	13,496
	772/15.03.2025	2,26,778
	ആകെ	6,99,434

1. പ്രോജക്ട് നമ്പർ 14/2025 പ്രകാരം 699434 രൂപ ചെലവഴിച്ച് വാങ്ങിയ തെരുവുവിളക്ക് ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും അറ്റകുറ്റപണികൾക്കായി കരാറെടുത്തയാൾക്ക് എത്ര ഉപകരണങ്ങൾ കൈമാറിയെന്നോ ശേഷിക്കുന്ന ഉപകരണങ്ങൾ എത്രയെന്നോ വ്യക്തമാക്കുന്ന വിവരങ്ങളില്ല.
2. വിതരണ രജിസ്റ്റർ പരിപാലിക്കുന്നില്ല.

II. തെരുവുവിളക്ക് പരിപാലനം ലേബർ ചാർജ്ജ്**,** വാഹന വാടക

പ്രോജക്ട് നമ്പർ	എസ്.15/2024-2025	
പേര്	തെരുവുവിളക്ക് പരിപാലനം ലേബർ ചാർജ്ജ്, വാഹന വാടക	
ഫണ്ട്	തനത് ഫണ്ട്	
അടങ്കൽ	4,50,000	
ചെലവ് – ബിൽ നമ്പർ, തീയതി, തുക	547/26.10.2024	1,90,176
	534/30.01.2025	50,176
ആകെ		2,40,352

പ്രോജക്ട് നമ്പർ 15/2025- തെരുവുവിളക്ക് പരിപാലനത്തിന് ലേബർ ചാർജ്ജ് നൽകുന്നതിലേക്ക് കരാറുകാരൻ സമർപ്പിച്ച വാർഡ്തല മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും നാലാം വാർഡിലെ തെരുവുവിളക്ക് പുനസ്ഥാപിക്കൽ സംബന്ധമായി വാർഡ് മെമ്പർ നൽകിയ പരാതിയിന്മേൽ പരിശോധന നടത്തിയതായോ അനുവദിക്കാവുന്ന തുക പുനർ നിർണ്ണയിച്ചതായോ വ്യക്തമാക്കുന്ന രേഖകളില്ല.

III. തടിക്കാട് പൊലിക്കോട് റോഡിന് തെരുവുവിളക്കുകൾ സ്ഥാപിക്കൽ

പ്രോജക്ട് നമ്പർ	450/2025/2024-2025

പേര്	തടിക്കാട് പൊലിക്കോട് റോഡിന് തെരുവുവിളക്കുകൾ സ്ഥാപിക്കൽ	
ഫണ്ട്	തനത് ഫണ്ട്	
അടങ്കൽ	7,00,000	
ചെലവ്	819/21.03.2025	98,465

മേൽ പദ്ധതി പ്രകാരം തടിക്കാട് പൊലിക്കോട് റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിലേക്കായി 98,465 രൂപ ഫെയർ ഗ്രോ ട്രേഡേഴ്സ് കുളത്തുപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനവുമായുള്ള കരാറിൽ എൽ.ഇ.ഡി വിളക്കുകൾക്ക് 2 വർഷ വാറണ്ടി ഉണ്ടായിരിക്കുന്നതാണെന്നും 15 ദിവസത്തിനുള്ളിൽ സ്ഥാപിച്ച് നൽകുന്നതാണെന്നും വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ജെമ്മിൽ നിന്നുള്ള കോൺട്രാക്ടിൽ എൽ.ഇ.ഡി വിളക്കുകളുടെ മേക്ക് എന്ന ഭാഗത്ത് ബ്രാൻഡുകളുടെ പേരുകൾ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും (OSRAM/ CREE/ NICHIA/ SEQOUL/ LUMILEDS/ PHILIPS/ SYSKA/ LUMINMAX/ EVERLIGHT/ EDISON/ BIRDGELUX/ NATIONSTAR/ PERFOND/ APT) പ്രസ്തുത കോൺട്രാക്ടിലെ മേക്ക് എന്ന ഭാഗത്ത് വിവരിച്ചിരിക്കുന്ന ഉൽപാദകരുടെ വിളക്കുകൾക്ക് പകരം FG LIGHTS എന്ന ബ്രാന്റിലുള്ള ബൾബുകളാണ് വിതരണം ചെയ്തിരിക്കുന്നത്. ഐ.എസ്.ഐ മുദ്രയുള്ള കമ്പനികളുടെ ബ്രാന്റിലെ ലൈറ്റുകൾ നൽകാം എന്ന വ്യവസ്ഥയിൽ കോട്ടേഷൻ നേടിയെടുത്ത ഫെയർ ഗ്രോ ട്രേഡേഴ്സ് എന്ന കമ്പനി അവരുടെതന്നെ ബ്രാന്റായ എഫ്.ജി ലൈറ്റ്സ് എന്ന കോട്ടേഷനിൽ വ്യക്തമാക്കാത്ത ലോക്കൽ മെയ്ക്ക് ബൾബുകൾ വിതരണം നടത്തിയിരിക്കുന്നു.

2. എൽ.ഇ.ഡി വിളക്കുവിളക്കുകൾ 47 പോസ്റ്റുകളിൽ സ്ഥാപിച്ചുവെന്ന് രേഖപ്പെടുത്തിയ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് നിർവ്വഹണ ഉദ്യോഗസ്ഥയോ വാർഡ് മെമ്പർമാരോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. തെരുവു വിളക്കുകൾക്ക് 2 വർഷ വാറണ്ടി എഗ്രിമെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒ.ഇ.എം വാറണ്ടി സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണത്തിലും രേഖകളുടെ പരിപാലനത്തിലും അപാകതകൾ സംഭവിച്ചതിനാൽ തെരുവുവിളക്കുകൾക്ക് അറ്റകുറ്റപണി ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരമുള്ള 6,99,434 രൂപയും തടിക്കാട് പൊലിക്കോട് റോഡിന് തെരുവുവിളക്കുകൾ സ്ഥാപിക്കൽ എന്ന പ്രോജക്ട് പ്രകാരമുള്ള 98,465 രൂപയും ചേർത്ത് ആകെ 7,97,899 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1. ക്രമം I പ്രകാരം തെരുവുവിളക്കുകൾക്ക് അറ്റകുറ്റപണി ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിൽ 6,99,434 രൂപ ചെലവഴിച്ച് വാങ്ങിയ തെരുവുവിളക്ക് ഉപകരണങ്ങൾ അറ്റകുറ്റപണികൾക്കായി കരാറെടുത്തയാൾക്ക് ഉപകരണങ്ങൾ കൈമാറിയതിന്റെയും ശേഷിക്കുന്ന ഉപരകരണങ്ങളുടെയും വിവരങ്ങൾ വ്യക്തമാക്കുന്ന രജിസ്റ്റർ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2. ക്രമ നമ്പർ II പ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. ക്രമ നമ്പർ III-ൽ തടിക്കാട് പൊലിക്കോട് റോഡിന് തെരുവുവിളക്കുകൾ സ്ഥാപിക്കൽ എന്ന പ്രോജക്ടിൽ കോട്ടേഷനിൽ വ്യക്തമാക്കിയിരിക്കുന്ന ഉൽപാദകരുടെ ബ്രാന്റിലുള്ള ബൾബുകളാണോ വിതരണം ചെയ്തിരിക്കുന്നത് (OSRAM/ CREE/ NICHIA/ SEQOUL/ LUMILEDS/ PHILIPS/ SYSKA/ LUMINMAX/ EVERLIGHT/ EDISON/ BIRDGELUX/ NATIONSTAR/ PERFOND/ APT) എന്ന വിവരവും, വിതരണം ചെയ്തിരിക്കുന്ന വിളക്കുകളുടെ ഗുണമേന്മാ പരിശോധന റിപ്പോർട്ട്, 47 പോസ്റ്റുകളിൽ എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിച്ചുവെന്ന് സാക്ഷ്യപ്പെടുത്തിയ ഇൻസ്റ്റലേഷൻ

റിപ്പോർട്ട്, 2 വർഷ വാറണ്ടി സാക്ഷ്യപത്രം എന്നിവയും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻകെയറി നമ്പർ 27/27.11.2025

1-32 ഘടകസ്ഥാപനങ്ങളിൽ ബോട്ടിൽ ബൂത്ത് – ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകതകൾ.

പ്രോജക്ട് നമ്പർ	എസ്.ഒ.406/2025
പ്രോജക്ടിന്റെ പേര്	ഘടകസ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ എന്നിവിടങ്ങളിൽ ബോട്ടിൽ ബൂത്ത്
ഫണ്ട്	ധനകാര്യ കമ്മീഷൻ അവാർഡ്
അടങ്കൽ	4,00,000
ചെലവ്	ബിൽ നമ്പർ- 338/11.07.2024 തുക 3,89,966

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഘടക സ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ എന്നിവിടങ്ങളിൽ ബോട്ടിൽ ബൂത്ത് എന്ന പദ്ധതി പ്രകാരം 3,89,966 രൂപ ചെലവഴിച്ച് 15 ബോട്ടിൽ ബൂത്തുകൾ സിഡ്കോ ആലപ്പുഴ എമ്പോറിയത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ചുവടെ ചേർക്കുന്ന അപാകതകൾ സംഭവിച്ചു.

1. അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്നതിനായി അംഗീകാരം നേടിയ പ്രസ്തുത പ്രോജക്ടിന് അക്രഡിറ്റഡ് ഏജൻസികളിൽ നിന്നുള്ള ഇൻവോയ്സിനെ ആധാരമാക്കി വില നിശ്ചയിച്ച് വാങ്ങൽ നടത്തുകയായിരുന്നു. പ്രസ്തുത വിലനിർണ്ണയത്തിനാധാരമായ ബോട്ടിൽ ബൂത്തിന്റെ സ്പെസിഫിക്കേഷനുകൾ ഗ്രാമ പഞ്ചായത്ത് തലത്തിൽ നിർണ്ണയിച്ചിട്ടില്ല. ഏജൻസി നിർണ്ണയിച്ചതും പ്രവൃത്തികളുടെ അളവിൽ വ്യക്തതയില്ലാത്തതുമായ സ്പെസിഫിക്കേഷനെ ആധാരമാക്കി വാങ്ങൽ നടത്തുകയായിരുന്നു.

2. 15 എണ്ണം ബോട്ടിൽ ബൂത്ത് വാങ്ങി സ്റ്റോക്കിലെടുത്തെങ്കിലും ആയത് എവിടെ സ്ഥാപിച്ചു എന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകെയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി രൂപീകരണ വേളയിൽതന്നെ ബോട്ടിൽ ബൂത്തിന്റെ സ്പെസിഫിക്കേഷനുകൾ ഗ്രാമപഞ്ചായത്ത് തലത്തിൽ നിർണ്ണയിച്ച് കൂട്ടേഷൻ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വാങ്ങിയ ബോട്ടിൽ ബൂത്ത് 15 എണ്ണം സ്ഥാപിച്ചു എന്നത് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയില്ലാത്തതിനാൽ ഈ ഇനത്തിലെ 3,89,966 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻകെയറി നമ്പർ 26/01.12.2025

1-33 മരുന്നു വാങ്ങൽ പ്രോജക്ടുകൾ- മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ മരുന്നുവാങ്ങൽ പ്രോജക്ടുകൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിലേക്ക് നൽകിയ തുകയ്ക്ക് മരുന്ന് ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I. പി.എച്ച്.സിയ്ക്ക് മരുന്നു വാങ്ങൽ

പ്രോജക്ട് നമ്പർ	എസ്.51/2024-2025	
പേര്	പി.എച്ച്.സിയ്ക്ക് മരുന്നു വാങ്ങൽ	
ഫണ്ട്,അടങ്കൽ	മെയിന്റനൻസ്ഗ്രാന്റ് (നോൺറോഡ്)	10,00,000

ചെലവ്- ബിൽ നമ്പർ, തീയതി, തുക	240407520102005613 28/21.08.2024	10,00,000

ഈ പ്രോജകട് പ്രകാരം മരുന്ന് വാങ്ങി നൽകുന്നതിലേക്ക് ഇൻവോയ്സ് നമ്പർ 13758@2024/8 തീയതി 14.08.2024 പ്രകാരം ഇൻ ഹൌസ് ഡ്രഗ് ബാങ്ക് (ഐ.എച്ച്.ഡി.ബി)- ന് 10 ലക്ഷം നൽകിയിട്ടുണ്ട്. ഈ ഇൻവോയ്സ് ഫോർ പേമെന്റിലേക്ക് ചുവടെ ചേർക്കും പ്രകാരം മരുന്നുകൾ ലഭ്യമായി.

ബിൽ നമ്പർ	ക്രഡിറ്റ് ഇൻവോയ്സ്	ലഭ്യമായ മരുന്നുകളുടെ വില
1	C 5301/2024-2025/03.09.2024	8,39,740
2	C 5302/2024-2025/03.09.2024	69,585
3	C 10708/2024-2025/111.02.2025	87,660
ആകെ		9,96,985

മേൽ പ്രോജക്ടിൽ 3015 രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു.

II. വയോജനങ്ങൾക്ക് ജീവിതശൈലീ രോഗങ്ങൾക്ക് മരുന്നു വാങ്ങൽ

പ്രോജക്ട് നമ്പർ	എസ്.52/2024-2025	
പേര്	വയോജനങ്ങൾക്ക് ജീവിതശൈലീ രോഗങ്ങൾക്ക് മരുന്നു വാങ്ങൽ	
ഫണ്ട്, അടങ്കൽ	മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)	5,00,000
ചെലവ്-ബിൽ നമ്പർ, തീയതി, തുക	240407520102005613 36/21.08.2024	5,00,000

ഈ പ്രോജകട് പ്രകാരം മരുന്ന് വാങ്ങി നൽകുന്നതിലേക്ക് ഇൻവോയ്സ് നമ്പർ 13758@2024/8 തീയതി .14.08.2024 പ്രകാരം ഇൻ ഹൌസ് ഡ്രഗ് ബാങ്ക് (ഐ.എച്ച്.ഡി.ബി)- ന് 10 ലക്ഷം രൂപ ൽകിയിട്ടുണ്ട്. ഈ ഇൻവോയ്സ് ഫോർ പേമെന്റിലേക്ക് ചുവടെ ചേർക്കും പ്രകാരം മരുന്നുകൾ ലഭ്യമായി.

ബിൽ നമ്പർ	ക്രഡിറ്റ് ഇൻവോയ്സ്		ലഭ്യമായ മരുന്നുകളുടെ വില
1	C 5518/2024-2025/10.09.2024		44,747
2	C 8163/2024-2025/30.11.2024		1,33,820
3	C 9648/2024-2025/13.01.2025		60,420
	C 1678/2024-2025/15.05.2025	ആകെ ബിൽ 155734.50 - സെയിൽസ് റിട്ടേൺ 11234	1,44,500
	C 2095/2024-2025/29.05.2025		43,847
	C 1596/2024-2025/12.05.2025		26,000
ആകെ			4,53,334

മേൽ പ്രോജക്ടിൽ 46,666 രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു.

III. പാലിയേറ്റീവ് കെയർ

പ്രോജക്ട് നമ്പർ	എസ്.50/2024-2025	
പേര്	പാലിയേറ്റീവ് കെയർ	
ഫണ്ട്, അടങ്കൽ	വികസന ഫണ്ട്	18,00,000

പ്രോജക്ടിലേക്കുള്ള ആകെ ചെലവ്	14,75,010	
മരുന്നുകൾക്ക് മാത്രമായുള്ള ബിൽ നമ്പർ, തീയതി, തുക	24040752010201030708/21.08.2024	8,88,520

ഈ പ്രോജകട് പ്രകാരം മരുന്നുകൾ വാങ്ങുന്നതിലേക്ക് ഇൻ ഹൌസ് ഡ്രഗ് ബാങ്ക് (ഐ.എച്ച്.ഡി.ബി) ന് 8,88,520 രൂപ നൽകിയിട്ടുണ്ട്. ഇൻവോയ്സ് ഫോർ പേമെന്റ് 13769@2024/8 .14.08.2024 പ്രകാരം 5,49,234 രൂപയുടെ മരുന്നകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 3,39,286 രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു.

IV. ജീവിത ശൈലീരോഗത്തിന് മരുന്ന വാങ്ങൽ - ഇൻവോയ്സ് ഫോർ പേമെന്റിൽ വിവരിച്ചിരിക്കുന്ന നിരക്കിലേക്കാൾ അധികം നൽകിയിരിക്കുന്നു .

പ്രോജക്ട് നമ്പർ	എസ്.53/2024-2025	
പേര്	ജീവിത ശൈലീരോഗത്തിന് മരുന്ന വാങ്ങൽ	
ഫണ്ട്, അടങ്കൽ	മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്	10,00,000
ചെലവ്-ബിൽനമ്പർ, തീയതി,തുക	24040752010200561332/21.08.2024	10,00,000

ഈ പ്രോജകട് പ്രകാരം വയോജനങ്ങൾക്ക് ജീവിത ശൈലീ രോഗങ്ങൾക്ക് മരുന്ന് വാങ്ങി നൽകുന്നതിലേക്ക് ഇൻവോയ്സ് നമ്പർ 13757@2024/8 14.08.2024 പ്രകാരം ചുവടെ ചേർക്കുന്ന മരുന്നുകൾ വാങ്ങുന്നതിലേക്ക് ഇൻ ഹൌസ് ഡ്രഗ് ബാങ്ക് (ഐ.എച്ച്.ഡി.ബി) ന് 10 ലക്ഷം നൽകിയിട്ടുണ്ട്.

ക്രമ നമ്പർ	പ്രോഡക്ട്	തുക	ടാക്സ്	അളവ്	തുക
1	AMLODIPINE 5 MG TAB 10 NOS	3	12%	5000	15000
2	ATORVASTATIN 10 MG TAB 10 NOS	5	12%	5000	25000
3	CLOPIDOGREL 75 MG TAB 10 NOS	13.08	12%	5000	65400
4	HUMAN INSULINE 30-70-40 IU INJ BIPHASE XSULERIS	70	5%	12000	8,40,000
5	LOSRTAN POTTASSIUM 25 TAB – 10 NOS	7	12%	5000	35,000
ആകെ					53,357.90
ടാക്സ്					55,042.00
ഐറ്റം ടോട്ടൽ					9,80,400.00
സർവ്വീസ് ചാർജ്ജ്					19,600.00
					10,00,000.00

ഈ ഇൻവോയ്സ് ഫോർ പേമെന്റിലേക്ക് ചുവടെ ചേർക്കും പ്രകാരം മരുന്നുകൾ ലഭ്യമായി.

ബിൽ നമ്പർ	ക്രഡിറ്റ് ഇൻവോയ്സ്	വില	എണ്ണം	സർവ്വീസ് ചാർജ്ജ് ഉൾപ്പെടെ നൽകിയ തുക

1	C 6190/2024-2025/02.12.2024	70.00	1000	71400
2	C 7187/2024-2025/29.10.2024	70.00	1500	107000
3	C 8102/2024-2025/29.11.2024	70.00	1000	71000
4	C 9645/2024-2025/13.01.2025	70.00	1000	71400
5	C 10104/2024-2025/23.01.2025	74.50	1500	20120
6	C 10389/2024-2025/01.02.2025	70.00	1500	107100
7	C 11954/2024-2025/11.03.2025	75.00	1000	75600
8	C 2017/2025-2026/27.05.2025	70.00	1000	71000
9	C 3995/2025-2026/14.07.2025	70.00	1600	121600
				716220

മേൽ പ്രോജക്ടിന്റെ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 354780 രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു.

2. ക്രമ നമ്പർ 7 - C 11954/2024-2025/11.03.2025 പ്രകാരം ലഭ്യമാക്കിയ ഇൻസുലിന് ഇൻവോയ്സ് ഫോർ പേമെന്റിൽ വിവരിച്ചിരിക്കുന്ന നിരക്കിലേക്കാൾ 5 രൂപ അധികം, അതായത് 75 രൂപ നൽകിയിരിക്കുന്നു.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക്, തുക നേരത്തേ നൽകിയാലും ആവശ്യപ്പെടുമ്പോൾ മാത്രമാണ് മരുന്നുകൾ ലഭ്യമാക്കുന്നത് എന്നും മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഇൻസുലിന് ഇൻവോയ്സ് ഫോർ പേമെന്റിൽ വിവരിച്ചിരിക്കുന്ന നിരക്കിലേക്കാൾ 5 രൂപ അധികം നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം തുക നൽകിയ മരുന്നിന്റെ ബില്ലായ 75600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അതിന് വിശദീകരണം നൽകേണ്ടതും അധികം ഈടാക്കിയ തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

മേൽ പ്രോജക്ടുകൾ പ്രകാരം ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നമ്പർ 21/24.11.2025

1-34 ജൽജീവൻ മിഷൻ അവലോകനം

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024 നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൗത്യങ്ങൾ.

എല്ലാ ഗ്രാമീണ ഭവനങ്ങളിലേക്കും ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക എന്നതോടൊപ്പം ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ട ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ജൽ ജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്ത ഭരണാനുമതിയും നിർവ്വഹണ സംവിധാനവും അംഗീകരിച്ചുകൊണ്ടും 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകികൊണ്ടും 08.06.2020-ൽ സ.ഉ.(കൈ)37/2020/ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷൻ പ്രോജക്ട് നടപ്പിലാക്കുന്നതിലേക്ക് സെക്രട്ടറി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, നിർവ്വഹണ ഏജൻസിയായ മലങ്കര സോഷ്യൽ

സർവ്വീസ് സൊസൈറ്റി എന്നിവർ ചേർന്ന് ത്രികക്ഷി കരാർ 18.10.2021 ൽ 03/2021-2022/ EE/ PHDN/ KLM/ ISA നമ്പരായി കരാർ ചമച്ചിട്ടുണ്ട്. 8895 കുടുംബങ്ങൾക്ക് പൈപ്പ് ലൈൻ കണക്ഷൻ നൽകുന്നതിലേക്ക് ചമച്ച കരാറിൽ 3570 പേർക്ക് കണക്ഷൻ നൽകിയതായി പ്രോജക്ട് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്ത് വിഹിതം

ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്തിൽ ജൽ ജീവൻ പദ്ധതിക്കായി പഞ്ചായത്ത് വിഹിതം തുക കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടില്ല.

2. എം.എൽ.എ ഫണ്ടിൽ നിന്നും ജൽജീവൻ മിഷനായി തുകയൊന്നും ലഭിച്ചിട്ടില്ല :

എം.എൽ.എ ഫണ്ടിൽ നിന്നും തുക ലഭ്യമായിട്ടില്ലാത്തതിനാൽ തുക കൈമാറിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

3. റോഡ് കട്ടിംഗ് റീസ്റ്റ്റോറേഷൻ തുക വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായിട്ടില്ല

ജൽജീവൻ മിഷൻ പദ്ധതിക്കായി കുഴിയെടുത്തതുമൂലം തകരാറ് സംഭവിച്ച റോഡുകൾ ഗ്രാമപഞ്ചായത്ത് ടെണ്ടർ ചെയ്ത് പ്രവൃത്തി പൂർത്തീകരിച്ച് ബില്ലുകൾ ജൽജീവൻ മിഷനിൽ ഹാജരാക്കിയിട്ടില്ല. ജൽജീവൻ മിഷൻ പദ്ധതിയ്ക്കായി കുഴിയെടുത്തത് മൂലം തകരാറു സംഭവിച്ച റോഡുകൾ പുനർ നിർമ്മിക്കുന്നതിലേയ്ക്ക് റെസ്റ്റോറേഷൻ ചാർജിനത്തിൽ 26.10.2023 ലെ ജി.ഒആർടി നമ്പർ 897-2023-ഡബ്ല്യു.ആർ.ഡി. ഉത്തരവ് പ്രകാരം ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്തിന് 1531 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

4. ഗുണഭോക്തൃവിഹിതം

ഗുണഭോക്തൃ വിഹിതം ഇനത്തിൽ തുക പിരിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ജൽജീവൻ മിഷന് കുഴിയെടുത്തത് മൂലം തകരാറു സംഭവിച്ച റോഡുകൾ പുനർ നിർമ്മിക്കുന്നതിലേയ്ക്ക് റെസ്റ്റോറേഷൻ ചാർജിനത്തിൽ 26.10.2023 ലെ ജി.ഒആർടി നമ്പർ 897-2023-ഡബ്ല്യു.ആർ.ഡി. ഉത്തരവ് പ്രകാരം ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന് 1531 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയത് വിനിയോഗിച്ച് തകരാറിലായ റോഡുകൾ പുനർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻകുയറി നമ്പർ 02/17.11.2025

1-35 ഹെൽത്ത് ഗ്രാന്റ് അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനങ്ങളുടെ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2021-2022 സാമ്പത്തിക വർഷം മുതൽ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചു വരുന്നു. 2025-2026 കാലയളവ് വരെയാണ് ഇപ്രകാരം ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നത്. ഗ്രാമപഞ്ചായത്തിന് 2021-22 മുതൽ 2024-25 വരെ സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ലഭിച്ച ഹെൽത്ത് ഗ്രാന്റ്				ആകെ	ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ്				ആകെ	ബാലൻസ്
	2021-2022	2022-2023	2023-2024	2024-2025		2021-2022	2022-2023	2023-2024	2024-2025		
Support For Diagnostic Infrastructure		293019	1184000	459000	1936019	0	0	293019	1184000	1477019	459000

Grant For Rural Health & Wellness Centres	0	160000	480000	764000	1404000	0	0	160000	480000	640000	764000
Construction Of Building To Health Sub Centres	0	0	2775000	92020	2867020	0	0	0	2770956	2770956	96064
ആകെ		453019	4439000	1315020	6207039	0	0	453019	4434956	4887975	1319064

Support For Diagnostic Infrastructure എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റ് ഉപയോഗിച്ച് സ്കീം-3 പ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി നാളിതു വരെ ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമനം	ഇനം	ചെലവഴിച്ച തുക				ആകെ
		2021-2022	2022-2023	2023-2024	2024-2025	
1	ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.	0	0	22029	69665	91694
2	ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക.	0	0	247140	1014335	1261475
3	ഉപകരണങ്ങൾ, കിറ്റുകൾ, റീജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക.	0	0	6850	100000	106850
4	ഉപകരണങ്ങളുടെ മെയിന്റനൻസ്	0	0	17000	0	17000
5	ലാബ് ടെക്നീഷ്യൻ, ഫീൽഡ് സ്റ്റാഫ് എന്നിവർക്ക് പരിശീലനം	0	0	0	0	0
6	ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് ആരംഭിക്കൽ.	0	0	0	0	0
	ആകെ	0	0	293019	118400	1477019

Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റുപയോഗിച്ച് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	ഇനം	ചെലവഴിച്ച തുക				ആകെ
		2021-2022	2022-2023	2023-2024	2024-2025	
1	പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ.			92275	15000	107275
2	ഇന്റർനെറ്റ് ചാർജ്			16250	20000	36250
3	ബോധവൽക്കരണ ക്ലാസ്സുകൾ			7500	10000	17500
4	ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം			43975	435000	478975

5	ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക,			0	0	0
	ആകെ	0	0	160000	480000	640000

Construction Of Building To Health Sub Centres

ക്രമ നമ്പർ	ഇനം	ചെലവഴിച്ച തുക	2021-2022	2022-2022	2023-2024	2024-2025	ആകെ
1	Construction Of Building		0		0	2770956	0

2021-2026 കാലയളവിലേയ്ക്കാണ് ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നത്. അതാത് വർഷം അനുവദിക്കുന്ന ഹെൽത്ത് ഗ്രാന്റ് പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഹെൽത്ത് ഗ്രാന്റ് ഫലപ്രദമായി ഉപയോഗിക്കേണ്ടതുമാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അനുവദനീയമായതിലും അധികമായി തുക അനവദിച്ചു.:

പ്രോജക്ട് നം., പേര്	Soo134/25, മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്
അടങ്കൽ	വികസനഫണ്ട് ജനറൽ- 1200000 ബ്ലോക്ക് പഞ്ചായത്ത്- 300000 ജില്ലാ പഞ്ചായത്ത്- 160000 ആകെ- 1660000
ചെലവ്	വികസനഫണ്ട് ജനറൽ- 1143400 ബിൽനം. 24/18.12.24- 477000 ബിൽനം. 23/18.12.24- 267400 ബിൽ നം. 31/08.01.25- 305500 ബിൽനം. 30/08.01.25- 21000

	ബിൽനം. 47/18.03.25- 72500 ബ്ലോക്ക് പഞ്ചായത്ത്- 300000 (ബിൽ നം. 18/14.10.2024) ജില്ലാ പഞ്ചായത്ത്- 0 ആകെ- 1443400

സ.ഉ.(എം.എസ്.) നം. 115/2022, തീയതി 28.05.2022 സർക്കാർ ഉത്തരവിലെ ഖ. 7.16(ബി)(സി)(ഡി)(ഇ) പ്രകാരം മാനസികവെല്ലുവിളി നേരിടുന്ന ഒരു വിദ്യാർത്ഥിക്ക് പ്രതിവർഷം അനുവദിക്കാവുന്ന പരമാവധി സ്കോളർഷിപ്പ് തുക 28500/- രൂപയാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ തൻവർഷം ആരിഫ് മുഹമ്മദ് എഫ്. എന്ന വിദ്യാർത്ഥിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ- 5313358524) 34500/- രൂപ അനുവദിച്ചു നൽകി. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക്, അധികമായി അനുവദിച്ച തുക തൊട്ടടുത്ത വർഷത്തെ ബില്ലിൽ നിന്ന് കുറവ് ചെയ്യുന്നതാണ് എന്ന് നിർവ്വഹണോദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നൽകി. ഓഡിറ്റ് വർഷം അധികമായി അനുവദിച്ച 6000/- രൂപ തിരികെ ബന്ധപ്പെട്ട ഫണ്ടിലേക്ക് ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ആധികം നൽകിയ തുക നിർവ്വഹണോദ്യോഗസ്ഥയുടെ ബാധ്യതയായി നിശ്ചയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.
ഓഡിറ്റ് എൻകുയറി നം. 05/21.11.25
ഓഡിറ്റ് നിരാകരണം 6000/- രൂപ

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
19	9500/-	9500/-	0	
19	9500/-	9500/-	0	
18	9000/-	9000/-	0	-
18	9000/-	9000/-	0	
18	9000/-	9000/-	0	
14	7000/-	7000/-	0	
20	10000/-	10000/-	0	
19	9500/-	9500/-	0	
19	9500/-	9500/-	0	
19	9500/-	9500/-	0	
18	9000/-	9000/-	0	
18	9000/-	9000/-	0	

(1-4-24 മുതൽ 31-3-25 വരെയുള്ള സർവീസിൽ പ്രവേശിച്ചിട്ടുള്ളവർ ഒഴികെ)

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് **(1-4-24** മുതൽ **30-6-24-**വരെയുള്ള സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ

ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതൽ അല്ലെങ്കിൽ 7/23 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ബാധകമല്ല					

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക് **(1/7/24** മുതൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ബാധകമല്ല				

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് **(1/8/24** മുതൽ **31/3/25** നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതൽ അല്ലെങ്കിൽ 7/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
1	മാർച്ച് 2025	500	500	ഇല്ല	-

4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2024-25	27.11.2025, 28.11.2025	കെ.എസ്.എ.കെ.എൽ.എം.പി1/2391/25 തീയതി 26.12.2025

4-3 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	വർഷം	ലഭിച്ച തുക (₹)	പ്രോജക്ടിന്റെ പേര്	ചെലവ് (₹)	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2024-2025	808005/-	പാലിന് സബ്സിഡി	808005/	0
ബ്ലോക്ക് പഞ്ചായത്ത്	2024-2025	496219/-	അനുപൂരക പോഷകാഹാര പദ്ധതി	496219/-	0
ബ്ലോക്ക് പഞ്ചായത്ത്	2024-2025	300000/-	മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്	300000/-	0
ബ്ലോക്ക് പഞ്ചായത്ത്	2024-2025	60000/-	ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്	60000/-	0
ബ്ലോക്ക് പഞ്ചായത്ത്	2024-2025	76000/-	അനുപൂരക പോഷകാഹാര പദ്ധതി	76000/-	0

ജില്ലാ പഞ്ചായത്ത്	2024-2025	58750/-	അന്നപൂരക പോഷകാഹാര പദ്ധതി	58750/-	0
ജില്ലാ പഞ്ചായത്ത്	2024-2025	100288/-	പാലിന് സബ്സിഡി	100288/-	0

4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
കേരള വാട്ടർ അതോറിറ്റി	461/2025 പൊതു ടാപ്പുകൾ നീക്കം ചെയ്യൽ	526/12.12.2024	74700/-	0	74700/-
കെ.എസ്.ഇ.ബി.	431/2025 മതുരപ്പ പി.എച്ച് സബ് സെന്ററിന് വൈദ്യുത കണക്ഷൻ	707/12.07.24	66948/-	0	66948/-/-
ഭൂജല വകുപ്പ്	224/25 കുഴൽ കിണറുകൾക്ക് പമ്പ് സെറ്റും ടാങ്കും സ്ഥാപിക്കൽ	767/07.03.25.	9,16,000/-	0	9,16,000/-
ഭൂജല വകുപ്പ്	342/25 കുഴൽ കിണറുകൾക്ക് പമ്പ് സെറ്റും ടാങ്കും സ്ഥാപിക്കൽ	766/07.03.25.	4,38,000/-	0	4,38,000/-
ഭൂജല വകുപ്പ്	455/25 കുഴൽ കിണറുകൾക്ക് പമ്പ് സെറ്റും ടാങ്കും സ്ഥാപിക്കൽ	768/07.03.25.	4,18,384/-	0	4,18,384/-

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-6 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 855750/- രൂപ വരവുണ്ട്. മുൻബാക്കി ഉൾപ്പടെ 3970909 രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/	വായ്പ തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി	തൻവർഷം തിരിച്ചടച്ച തുക (₹)	വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള

	തീയതി		ഉണ്ടായിരുന്ന തുക (₹)*	മുതൽ	പലിശ	തുക (രൂപ)
ലൈഫ് ഭവന പദ്ധതി	ലഭ്യമല്ല	855750/-	4,51,42,515/-	40,10,073/-	-	4,19,88,192

വായ്പ/വായ്പ തിരിച്ചടവ് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം എ.എഫ്.എസ്. ബാലൻസ് ഷീറ്റ് സെക്യൂരിറ്റി ലോൺ നീക്കിയിരിപ്പും യഥാർത്ഥ നീക്കിയിരിപ്പുമായി വ്യത്യാസമുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ടി വ്യത്യാസം ക്രമപ്പെടുത്തിയിട്ടുള്ളതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ലോൺ രജിസ്റ്ററിൽ ലോൺ വിനിയോഗബാക്കി രേഖപ്പെടുത്തിയിട്ടില്ല. വായ്പ മുൻബാക്കിയുടെ കൃത്യത ഉറപ്പാക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. *വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ് എടുത്തിട്ടുള്ളത്. മുൻവർഷ ലോൺ കണക്കുകളിൽ പലിശ ഉൾപെടെയുള്ള തുകകൂടി ഉൾപ്പെടുത്തിയിരുന്നു എന്നും രണ്ട് അക്കൗണ്ടുകളിൽ ആയി തുക വരവ് വരുന്നതിനാൽ മുൻവർഷങ്ങളിൽ ഉൾപെടെയുള്ള വ്യത്യാസം ക്രമപ്പെടുത്തി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

4-7 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	10,26,756/- രൂപ
തൻവർഷം നിക്ഷേപിച്ച തുക	92,408/- രൂപ (പലിശ)
ആകെ	11,19,164/- രൂപ
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	11,19,164/- രൂപ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	നിക്ഷേപിച്ച തീയതി	കാലയളവ്	തുക (രൂപ)
1	അറയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്	25.02.2025	1 വർഷം	11,19,164/-

4-8 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2019-20	1-16	2020-21	അനുബന്ധം-2	മെഡിക്കൽ ഓഫീസർമാരുടെ പദ്ധതികൾ	നിയമസഭാ സമിതിയുടെ പരിഗണനയിലാണ്.

2019-20	1-22	2020-21	അനുബന്ധം-2	മെഡിക്കൽ ഓഫീസർമാരുടെ പദ്ധതികൾ (ഹോമിയോ)	നിയമസഭാ സമിതിയുടെ പരിഗണനയിലാണ്.

4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക **(₹)**		ഉത്തരവാദിയായ ആളുടെ പേരും/ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1	--	6000/- രൂപ	ശ്രീമതി. സുധർമിണിഎസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ
	ആകെ	**6000/-** രൂപ	

ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക **(₹)**	ഉത്തരവാദിയായ ആളുടെ പേരും/ഉദ്യോഗപ്പേരും
1-15	1,50,000	ശ്രീമതി സുധർമിണി എസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ
1-17	17,72,384	ശ്രീമതി സിന്ധു ആർ, സെക്രട്ടറി
1-18	13,000	ശ്രീ സുരേഷ് കുമാർ ബി., വെറ്ററിനറി സർജൻ
1-20	9,082	ശ്രീ സുരേഷ് കുമാർ ബി., വെറ്ററിനറി സർജൻ
1-26	74,700	ശ്രീമതി. ഷീജാമോൾ എൻ. ആർ., സെക്രട്ടറി
	66,948	ശ്രീ. ബിനുമോൻ എൻ, സെക്രട്ടറി ഇൻ ചാർജ്
1-28	1,80,000	ശ്രീമതി സിന്ധു ആർ., സെക്രട്ടറി
1-29	53,007	ശ്രീമതി സിന്ധു ആർ., സെക്രട്ടറി
1-30	1,88,160	ഡോ.ഷെമീർ സലാം, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
1-31	7,97,899	ശ്രീമതി.ഷീജാമോൾ.എൻ.ആർ, സെക്രട്ടറി
1-32	3,89,966	ശ്രീ. ബിനുമോൻ എൻ., സെക്രട്ടറി ഇൻ ചാർജ്.
1-33	75,600	ഡോ.ഷെമീർ സലാം, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
ആകെ	**37,70,746**/-	

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും/ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി. ഷീജാമോൾ എൻ. ആർ., സെക്രട്ടറി	ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്	പാരഡൈസ്, നാവായിക്കുളം, പി.ഒ. തിരുവനന്തപുരം
ശ്രീമതി സിന്ധു ആർ., സെക്രട്ടറി	ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്	സൌപർണ്ണിക, വിഷ്ണു നഗർ 65, മുള്ളുവിള, വടക്കേവിള പി.ഒ. കൊല്ലം
ശ്രീ. പ്രശാന്ത് ബി., സെക്രട്ടറി	പത്തനാപുരം ഗ്രാമപഞ്ചായത്ത്	പുത്തൻവിളവീട്, ഉമയനല്ലൂർ, പി.ഒ. കൊല്ലം
ശ്രീ. ബിനുമോൻ എൻ., സെക്രട്ടറി ഇൻ ചാർജ്	ചവറ ഗ്രാമപഞ്ചായത്ത്	ആദിൽ മഹൽ, വടക്കേവിള, പി.ഒ. കൊല്ലം
ശ്രീമതി സുധർമിണി എസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	അഖിൽ നിവാസ്, മെട്ടലുവിള, പുല്ലയിൽ പി.ഒ. കിളിമാനൂർ.
ശ്രീ സുരേഷ് കുമാർ ബി., വെറ്ററിനറി സർജൻ	സീനിയർ വെറ്റിനറി സർജൻ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്	വടക്കെവിള വീട്, ഇളമാട് പി.ഒ. കുളഞ്ഞിൽ.
ഡോ.ഷെമീർ സലാം, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	മെഡിക്കൽ ഓഫീസർ, തടിക്കാട് പി.എച്ച്.സി.	ഷാലിമാർ, തിരുമുല്ലാവാരം, കൊല്ലം.

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	നിലവിലുള്ള ഖണ്ഡികകൾ
1998-99	കെ.എസ്.എ/കെ.എൽ.എം/പി-1/440(1)/21-03-2018	2
1999-00	കെ.എസ്.എ/കെ.എൽ.എം/പി-1/440(2)/21-03-2018	1
2000-01	കെ.എസ്.എ/കെ.എൽ.എം/പി-1/440(3)/21-03-2018	2
2001-02	കെ.എസ്.എ/കെ.എൽ.എം/പി-1/440(4)/21-03-2018	1

2002-03	കെ.എസ്.എ/കെ.എൽ.എം/പി-1/440(5)/21-03-2018	10
2003-04	കെ.എസ്.എ/കെ.എൽ.എം/പി-1/440(6)/21-03-2018	6
2004-05	കെ.എസ്.എ/കെ.എൽ.എം/പി-1/440(7)/21-03-2018	2
2005-06	കെ.എസ്.എ/കെ.എൽ.എം/പി-1/440(8)/21-03-2018	2
2006-07	കെ.എസ്.എ.കെ.എൽ.എം.പി1/794(1)/19 തീയതി 10.6.19	18
2007-08	കെ.എസ്.എ.കെ.എൽ.എം.പി1/794(2)/19 തീയതി 10.6.19	14
2008-09	കെ.എസ്.എ.കെ.എൽ.എം.പി1/794(3)/19 തീയതി 10.6.19	10
2009-10	കെ.എസ്.എ.കെ.എൽ.എം.പി1/794(4)/19 തീയതി 10.6.19	5
2010-11	കെ.എസ്.എ.കെ.എൽ.എം.പി1/794(5)/19 തീയതി 10.6.19	6
2011-12 & 2012-13	കെ.എസ്.എ.കെ.എൽ.എം.പി1/അദാലത്ത്/2011-12& 2012-13 /859/22 തീയതി 23.08.22	14
2013-14 & 2014-15	കെ.എസ്.എ.കെ.എൽ.എം.പി1/അദാലത്ത്/2013- 2014 & 2014-15 /859/22 തീയതി 23.08.22	11
2015-16	കെ.എസ്.എ.കെ.എൽ.എം.പി1/അദാലത്ത്/2015-16 / 859/22 തീയതി 23.08.22	10
2016-17	കെ.എസ്.എ-കെഎൽ എം/പി1/ 1955/17 തീ 21-12-2017	എല്ലാ ഖണ്ഡികകളും
2017-18	കെ.എസ്.എ-കെഎൽ എം/പി1-224/2019/1.4.2019	എല്ലാ ഖണ്ഡികകളും
2018-19	കെ.എസ്എ-കെഎൽ എം/പി1-941/2020/16-11-2020	എല്ലാ ഖണ്ഡികകളും
2019-20	കെ.എസ്എ-കെഎൽ എം/പി1/942/2020/16.03.2021	എല്ലാ ഖണ്ഡികകളും
2020-21	കെ.എസ്എ-കെഎൽ എം/പി1/719/2022/23.07.2022	എല്ലാ ഖണ്ഡികകളും
2021-22	കെ.എസ്എ-കെഎൽ എം/പി1/405/2022/10.04.2023	എല്ലാ ഖണ്ഡികകളും
2022-23	കെ.എസ്എ-കെഎൽ എം/പി1/1952/2023/04.12.2023	എല്ലാ ഖണ്ഡികകളും
2023-24	കെ.എസ്എ-കെഎൽ എം/പി1/1894/24 /18.10.24	എല്ലാ ഖണ്ഡികകളും

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number II dated II dated 29-07-2025 and submitted on 31-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Edamulakkal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Edamulakkal Grama Panchayat as on 31-03-2025

Date: 26/12/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Edamulakkal Grama Panchayat for the Year 2024-2025.

1.Major Observations

Nil.

2.Other Observations

1. The following mandatory financial statements prescribed in accounting rules are not submitted for audit.

a) Ratios.
b) Notes on accounts.
2) Lapses in making timely and accurate demand entries in respect of Property tax.
3) No documents have been produced for checking the authenticity of journal vouchers.
4) No documents produced to check the authenticity of amounts shown in the B4- Schedule.
5) CFC Fund bank book balance differs with that shown in the B4- Schedule.
6) The following registers mismatch with that of AFS
Deposit register, Asset register, Stock register, Grant register, loan register.
7) Deposit work in the Ground water department (pro455/25) has not been shown in the 460500204 head.
8) No documents produced to check the authenticity of amounts shown in the the Secured loan head.
9) CFC fund expenditure as per AFS/Sulekha statement differs with that of ACR.
10) Ledger accounts are not reconcilled monthly.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

അനുബന്ധ പത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്